# മലങ്കരസഭാദീപം

A FORTNIGHTLY WITH ECUMENICAL VISION

വാല്യം 19 ലക്കം 5 പേജ് 6 ജനുവരി 1–15



2 അമൂല്യമായ വോട്ട് അനുഗ്രഹവും

3 നാം ആരാകുന്നു

4 ധ്യാനപംക്തി

5 ഭാരതസഭകളുടെ പുനരൈക്യമാണ് കാതോലിക്കേറ്റിന്റെ പരമപ്രധാനമായ ദൗത്യം


## കുറിഞ്ഞിപള്ളി പൂട്ടി

കോലഞ്ചേരി : കുറിഞ്ഞി സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളി പൂട്ടി സീൽ ചെയ്ത് ആർ.ഡി.ഒ. കസ്റ്റഡിയിലെടുത്തു.

ഡിസംബർ 22 ശനിയാഴ്ച രാത്രി ഒമ്പതരയോടെയാണ് കുന്നത്തുനാട് തഹസീൽദാർ വിശ്വംഭരൻ പള്ളിയിലെത്തി പള്ളിയും അനുബന്ധ സ്ഥാപനങ്ങളും കസ്റ്റഡിയിലെടുത്തതായുള്ള ആർ.ഡി.ഒ.യുടെ നോട്ടീസ് പതിപ്പിച്ച ശേഷം പള്ളി പൂട്ടി സീൽ ചെയ്തത്.

പള്ളിയിൽ പ്രവേശിച്ച് കുർബ്ബാന അർപ്പിച്ച യാക്കോബായ വിഭാഗം മെത്രാപ്പോലീത്തായ്ക്ക് പള്ളിയിൽ പ്രവേശിച്ച് കുർബ്ബാന അർപ്പിക്കാൻ അവസരം നൽകുകയും ഓർത്തഡോക്സ് വിഭാഗം മെത്രാപ്പോലീത്താ പള്ളിയിൽ പ്രവേശിക്കുന്നതിനെ തടയുകയും ചെയ്ത നടപടിക്കെതിരെ ഓർത്തഡോക്സ് വിഭാഗം മെത്രാപ്പോലീത്തന്മാരായ ഡോ.മാത്യൂസ് മാർ സേവേറിയോസ്, ഡോ.തോമസ് മാർ അത്താനാസിയോസ്, യൂഹാനോൻ മാർ മിലിത്തിയോസ് എന്നിവർ ഒരാഴ്ചയിലധികമായി പള്ളിയുടെ പൂമുഖത്ത് നടത്തിവന്ന പ്രാർത്ഥനായജ്ഞം അവസാനിപ്പിച്ചു.

കഴിഞ്ഞ ഒരാഴ്ചയായി കുറിഞ്ഞി പള്ളിയിലും പരിസരത്തും സംഘർഷാവസ്ഥ നിലനിൽക്കുകയായിരുന്നു. ഓർത്തഡോക്സ് - യാക്കോബായ വിഭാഗങ്ങൾ ഒന്നിടവിട്ട ആഴ്ചകളിൽ തവണ നടത്തുന്ന പതിവായിരുന്നു കുറിഞ്ഞിപള്ളിയിൽ നിലനിന്നിരുന്നത്. ഇരുവിഭാഗങ്ങളിലുംപെട്ട മെത്രാന്മാർക്ക് പള്ളിയിൽ പ്രവേശിക്കുവാൻ അനുവാദമില്ലായിരുന്നു. അങ്ങനെയുള്ള തൽസ്ഥിതി ലംഘിച്ച് യാക്കോബായ വിഭാഗം മെത്രാപ്പോലീത്താ പള്ളിയിൽ പ്രവേശിച്ച് വി.കുർബ്ബാന അർപ്പിച്ചു. ഓർത്തഡോക്സ് വിഭാഗത്തിന്റെ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ പള്ളിയിൽ പ്രവേശിക്കാൻ ശ്രമിച്ചപ്പോൾ വഴിയിൽ തടഞ്ഞു. അതേ തുടർന്നാണ് സംഘർഷാവസ്ഥ സംജാതമായത്. ഇരുവിഭാഗവും പള്ളിപരിസരത്ത് സംഘടിച്ചത് ക്രമസമാധാനപ്രശ്നം ഉണ്ടാക്കുകയും സംഘർഷാവസ്ഥ ഉണ്ടാവുകയും പോലീസ് ഇടപെടലിന് വഴിവെക്കുകയും ചെയ്തു. മുഖ്യമന്ത്രി ഇടപെട്ട് നടത്തിയ ആലോചനയെതുടർന്നാണ് പള്ളി പൂട്ടുവാൻ റവന്യൂ അധികാരികൾ തീരുമാനിച്ചത്.

ആരാധന നടത്തിക്കൊണ്ടിരിക്കുന്ന പള്ളികൾ പൂട്ടുന്ന നടപടികൾക്കെതിരെ യാക്കോബായ വിഭാഗം ശക്തമായ പ്രതികരണവുമായി രംഗത്തെത്തിയിട്ടുണ്ട്. സഭയുടെ പരിപാടികളിൽനിന്ന് യു.ഡി.എഫ് നേതാക്കളെ ബഹിഷ്ക്കരിക്കാൻ യാക്കോബായ സഭാനേതൃത്വം തീരുമാനം എടുത്തിട്ടുണ്ട്. കോടതി വിധികളെയും നിലവിലുള്ള സ്റ്റാറ്റസ്കോയും ലംഘിക്കുന്ന യാക്കോബായ വിഭാഗത്തിന്റെ നടപടിയെ ഓർത്തഡോക്സ് സഭയും അപലപിച്ചു.

## ദേവലോകത്ത് സംയുക്ത ഓർമ്മപ്പെരുന്നാൾ ജനുവരി 2, 3 തീയതികളിൽ



പ.ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവാ

കോട്ടയം : ദേവലോകം അരമന ചാപ്പലിൽ കബറടങ്ങിയിരിക്കുന്ന പ.ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ ബാവായുടെ 49–ാം ഓർമ്മയും പ.ബസ്സേലിയോസ് ഔഗേൻ പ്രഥമൻ ബാവായുടെ 37–ാം ഓർമ്മയും പ.ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ബാവായുടെ 16–ാം ഓർമ്മയും സംയുക്തമായി 2,3 തീയതികളിൽ ആചരിക്കും.

പ. ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ വലിയ ബാവായും സഭയിലെ മറ്റ് മെത്രാപ്പോലീത്താമാരും നേതൃത്വം നൽകും.

രണ്ടാം തീയതി കുറിച്ചിയിൽനിന്നുള്ള തീർത്ഥാടകർക്ക് സ്വീകരണവും മാർ ഏലിയാ കത്തീഡ്രലിൽനിന്ന് ദേവലോകത്തേക്ക് പ്രദക്ഷിണവും നടക്കും.

മൂന്നാം തീയതി പ.കാതോലിക്കാ ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ മൂന്നിന്മേൽ കുർബ്ബാന, പ്രദക്ഷിണം ആശീർവാദം, നേർച്ചവിളമ്പ് എന്നിവ നടക്കും.

## ഭാരതസഭകളുടെ പുനരൈക്യമാണ് കാതോലിക്കേറ്റിന്റെ പരമപ്രധാനമായ ദൗത്യം

ഫാ.ഡോ.എം.ഒ.ജോൺ

### ആമുഖം

മലങ്കരസഭാചരിത്രത്തിൽ മലങ്കരയിലെ കാതോലിക്കേറ്റിനേക്കുറിച്ച് ഏറ്റവും പ്രാഗത്ഭ്യത്തോടെ പ്രസംഗിച്ചിട്ടുള്ള ഒരു പിതാവാണ് പുത്തൻകാവിൽ തിരുമേനി. 1951 ഏപ്രിൽ 15ന് 36–ാം ഞായറാഴ്ച വലിയനോമ്പിലെ കാതോലിക്കാദിനത്തിൽ കുന്നംകുളം പഴയപള്ളിപ്പറമ്പിൽ നടന്ന മഹാസമ്മേളനത്തിൽ പുത്തൻകാവിൽ തിരുമേനി ആയിരുന്നു അദ്ധ്യക്ഷൻ. അന്ന് അദ്ദേഹം അവിടെ നടത്തിയ പ്രസംഗം വളരെ പ്രസിദ്ധമാണ്. അതിൽനിന്ന് ഒന്നുരണ്ടു വാചകങ്ങൾ ഉദ്ധരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. പ്രിയരെ.. റോമിലേയുംഅലക്സാന്ത്ര്യയിലെയും കുസ്തന്തീനോപോലീസിലേയും അല്ല നമ്മുടെ അന്ത്യോഖ്യയിലേയും പാത്രിയർക്കാ സിംഹാസനങ്ങൾ ഉണ്ടാകുന്നതിന് ഒരു 94 വർഷം മുമ്പുതന്നെ പൗരസ്ത്യദേശങ്ങളിൽ കാതോലിക്കാ സിംഹാസനം ഉണ്ടായി....... ഇപ്പോൾ ആബാലവൃദ്ധം ആരോടു ചോദിച്ചാലും പാത്രിയർക്കീസിനെ എല്ലാവരും അറിയും. എന്നാൽ കാതോലിക്കാ എന്ന വാക്ക് സാമാന്യർക്കു സുപരിചിതമല്ല........ പാലക്കുന്നത്ത് മാർ മാത്യൂസ് അത്താനാസിയോസ് മെത്രാച്ചൻ അന്ത്യോഖ്യയിൽ ചെന്നു സ്ഥാനം ഏറ്റു. അന്നുമുതൽ അന്ത്യോഖ്യയുടെ ഭാരമേറിയ ഇരുമ്പുനുകം നമ്മുടെ പെടലിക്കുവീണു. പാത്രിയർക്കീസ് എന്ന നാമം അതോടുകൂടി എല്ലാ പുസ്തകങ്ങളിലും പതിഞ്ഞു. ഇങ്ങനെ പാത്രിയർക്കീസ് എന്ന പേരു നമ്മൾക്കു സുപരിചിതമായി..... പ്രിയരെ പാത്രിയർക്കാസ്ഥാനം ഉണ്ടാകുന്നതിനും 94 കൊല്ലം മുമ്പ് കാതോലിക്കാ സ്ഥാനം ഉണ്ടായി.........

അമ്പതുകൊല്ലത്തിനു മുമ്പ് കാതോലിക്കേറ്റിനെക്കുറിച്ച് നമ്മുടെ ആളുകൾക്ക് അധികം അവബോധം ഇല്ലാതിരുന്ന ഒരു സമയത്താണ് പുത്തൻകാവിൽ തിരുമേനി ഈ പ്രസംഗം നടത്തിയത്.

1286ൽ നിര്യാതമായ പൗരസ്ത്യസഭയിലെ ഏറ്റവും പ്രശസ്തനും പണ്ഡിതനുമായിരുന്ന ബാർ എബ്രായയുടെ സഭാചരിത്രം അടിസ്ഥാനമാക്കിയാണ് പൗരസ്ത്യ കാതോലിക്കേറ്റിനേക്കുറിച്ച് പുത്തൻകാവിൽ തിരുമേനി പ്രസംഗിച്ചത്. ബാർ എബ്രായയുടെ സഭാചരിത്രത്തിലെ ചില പരാമർശനങ്ങളോടൊന്നും എനിക്കു യോജിക്കുവാൻ കഴിയുകയില്ല. എന്നാൽ കാതോലിക്കേറ്റിനേക്കുറിച്ച് പ.പരുമല തിരുമേനി, വട്ടശ്ശേരിൽ തിരുമേനി തുടങ്ങി നമ്മുടെ പിതാക്കന്മാർക്കുണ്ടായിരുന്ന ജ്ഞാനം ബാർ എബ്രായയുടെ സഭാചരിത്രം ആധാരമാക്കി ഉണ്ടായിരുന്നതായിരുന്നതാണ്. അതുതന്നെയാണ് ആ പിതാക്കന്മാരും അവരുടെ ശേഷം സഭാചരിത്രമായി നമ്മുടെ സഭയിൽ പഠിപ്പിച്ചത്. ആധുനികവും ശാസ്ത്രീയവുമായ സഭാചരിത്രപഠനത്തിന്റെ വെളിച്ചത്തിൽ അങ്ങനെയുള്ള പല കാര്യങ്ങളും നിലനിൽക്കുന്നതല്ല. അതുകൊണ്ട് അതിനേക്കുറിച്ച് ഒരു പുനർവിചിന്തനവും പഠനവും ആവശ്യമാണ്. അതിനേക്കുറിച്ച് വേറൊരവസരത്തിൽ ചർച്ച ചെയ്യാം.

ഇപ്പോൾ കാതോലിക്കേറ്റിനേക്കുറിച്ച് മൂന്നു കാര്യങ്ങൾ പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

### കാതോലിക്കാസ്ഥാനം ചരിത്രപരമായ വളർച്ചയുടെ ഭാഗം

ഒന്നാമത് കാതോലിക്കാ പാത്രിയർക്കീസ് തുടങ്ങിയ സ്ഥാനങ്ങൾ സഭയുടെ ചരിത്രപരമായ വളർച്ചയുടെ ഭാഗമായി ഉണ്ടായതാണ്.

ആദിമകാലത്ത്, അതായത് ഒന്നാം നൂറ്റാണ്ടിലെ സഭയിൽകാതോലിക്കാ സ്ഥാനമോ പാത്രിയർക്കാ സ്ഥാനമോ ഒന്നുമുണ്ടായിരുന്നില്ല. അന്ന് അപ്പോസ്തോലന്മാരുണ്ടായിരുന്നു. കർത്താവിന്റെ കാലശേഷം ആദിമസഭ കർത്താവിന്റെ സ്ഥാനത്ത് അപ്പോസ്തോലന്മാരെ കണ്ടു. കർത്താവിന്റെ ജീവിക്കുന്ന സാന്നിദ്ധ്യമായി അവർ സഭയിലുണ്ടായിരുന്നു. അപ്പോസ്തോലന്മാരുടെ കാലശേഷം അവരുടെ പിൻഗാമികളായി ബിഷപ്പന്മാരുണ്ടായിരുന്നു. അപ്പോസ്തോലിക പിന്തുടർച്ചയുടെയും അപ്പോസ്തോലിക പഠിപ്പിക്കലിന്റെയും കേന്ദ്രമായും അദ്ദേഹത്തെ കണക്കാക്കി. നാലാം നൂറ്റാണ്ടാകുമ്പോഴേക്കും റോമാ സാമ്രാജ്യത്തിലെ പുരാതന പള്ളികൾക്കും അവിടെയുണ്ടായിരുന്ന ബിഷപ്പന്മാർക്കും മറ്റുള്ളവരേക്കാൾ പ്രാധാന്യമേറി. ആ പള്ളികൾ പലതും അപ്പോസ്തോലന്മാർ സ്ഥാപിച്ചതുമായിരുന്നു. അവിടുത്തെ ബിഷപ്പന്മാരെ മെത്രാപ്പോലീത്താമാരെന്നു വിളിച്ചു. നാലും അഞ്ചും നൂറ്റാണ്ടുകളിൽ അവരുടെ പ്രാധാന്യം ഏറുകയും അവർക്ക് പാത്രിയർക്കാ സ്ഥാനം നൽകുകയും ചെയ്തു. റോം, അലക്സാന്ത്ര്യാ, അന്ത്യോഖ്യാ, കുസ്തന്തീനോപോലീസ്, യറുശലേം തുടങ്ങിയ പുരാതന ക്രൈസ്തവ കേന്ദ്രങ്ങൾ പാത്രിയർക്കാ കേന്ദ്രങ്ങളായി. അഞ്ചും ആറും നൂറ്റാണ്ടുകളാകുമ്പോൾ അവിടുത്തെ ബിഷപ്പന്മാരെ പാത്രിയർക്കീസ് എന്ന് വിളിക്കുന്നു. ഈ പാത്രിയർക്കാ കേന്ദ്രങ്ങളെല്ലാം അപ്പോസ്തോലിക പിന്തുടർച്ചയുടേയും (സക്സഷൻ) അപ്പോസ്തോലിക പഠിപ്പിക്കലിന്റെയും (റ്റീച്ചിംഗ്) കേന്ദ്രങ്ങളായിരുന്നു. പാത്രിയർക്കീസന്മാർ ഈ സഭകളുടെ അപ്പോസ്തോലിക പൈതൃകത്തിന്റെ, അപ്പോസ്തോലിക അധികാരത്തിന്റെ പ്രതീകങ്ങളും കേന്ദ്രങ്ങളും ആയിരുന്നു.

റോമാസാമ്രാജ്യത്തിൽ പാത്രിയർക്കാ സ്ഥാനങ്ങൾ ഉണ്ടായതുപോലെ റോമാസാമ്രാജ്യത്തിനു പുറത്തുണ്ടായ സ്ഥാനത്തെ കാതോലിക്കാ സ്ഥാനം എന്നു വിളിച്ചു. പേർഷ്യയിലും, അർമ്മീനിയായിലും ഉണ്ടായിരുന്ന പുരാതന സഭാതലവന്മാരെ നാലും അഞ്ചും നൂറ്റാണ്ടുകളാകുമ്പോൾ കാതോലിക്കാ എന്നു വിളിക്കുന്നു. കാതോലിക്കാ സ്ഥാനവും, പാത്രിയർക്കാ സ്ഥാനംപോലെ ഈ സഭകളുടെ അപ്പോസ്തോലിക പൈതൃകത്തിന്റെ പ്രതീകങ്ങളാണ്. പാത്രിയർക്കാ സ്ഥാനവും കാതോലിക്കാ സ്ഥാനവും

(ശേഷം പേജ് 5–ൽ)

# അമൂല്യമായ വോട്ട്, അനുഗ്രഹവും

എം.പി.ഗോവിന്ദൻനായർ (മുൻ മന്ത്രി)

തെരഞ്ഞെടുപ്പുകളിൽ നൂറുകണക്കിന് ആളുകൾ എനിക്ക് വോട്ട് നൽകിയിട്ടുണ്ട്. വില യേറിയ വോട്ടുകൾ. എന്നാൽ ഒരിക്കൽ മാത്രം എനിക്ക് അപൂർവ്വമായ ഒരു വോട്ട് ലഭിച്ചു. പ്രത്യേകതകൾ ഏറെയുള്ള വോട്ട്. ഇന്നും ഞാൻ അമൂല്യമായി കരുതുന്ന വോട്ട്.

1960-ലെ നിയമസഭാ തെരഞ്ഞെടുപ്പിലാണ് എനിക്ക് ആ ഭാഗ്യം ലഭിച്ചത്.

മലങ്കര ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായിരുന്ന പ.ബസ്സേലിയോസ് ഗീവർഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ ആയിരുന്നു അന്നത്തെ എന്റെ വി.ഐ.പി. വോട്ടർ. അന്നുവരെ ഒരു തെരഞ്ഞെടുപ്പിലും വോട്ട് രേഖപ്പെടുത്തിയിട്ടില്ലാത്ത തിരുമേനി മുട്ടമ്പലം സ്കൂളിലെ പോളിംഗ് ബൂത്തിലെത്തി എനിക്ക് വോട്ടുചെയ്തത് എന്നോട് അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹവാത്സല്യം ഒന്നുകൊണ്ടുമാത്രം. പിന്നീട് ഒരിക്കലും ആർക്കും അദ്ദേഹം വോട്ടുചെയ്തിട്ടുമില്ല.

60 ഫെബ്രുവരിയിലെ അസംബ്ലി തെരഞ്ഞെടുപ്പിൽ കോട്ടയം നിയോജകമണ്ഡലത്തിൽ കോൺഗ്രസ് സ്ഥാനാർത്ഥിയായി മത്സരിക്കുമ്പോഴാണ് ഞാൻ ആദ്യം തിരുമേനിയെ കണ്ടത്. തിരുമേനിയുടെ അനുഗ്രഹം അഭ്യർത്ഥിക്കാൻ ഞാൻ ദേവലോകം അരമനയിൽ ചെല്ലുകയായിരുന്നു.

അഞ്ചുമിനിട്ടോളം തിരുമേനി വളരെ സന്തോഷപൂർവ്വം എന്നോട് സംസാരിച്ചു. യാത്ര ചോദിക്കുംമുമ്പെ ഞാൻ തിരുമേനിയുടെ അനുഗ്രഹം തേടി. ഉടനെ തിരുമേനി എന്റെ തലയിൽ കൈവെച്ച് കുഞ്ഞ് ഇപ്രാവശ്യം ജയിക്കും. ജയിക്കുക മാത്രമല്ല, കോട്ടയത്തിന് ഒരു മന്ത്രിയുണ്ടാകും എന്ന് പറഞ്ഞ് എന്നെ അനുഗ്രഹിച്ചു. തുടർന്ന് ഞാൻ ഇതുവരെയും ആർക്കും വോട്ട് ചെയ്തിട്ടില്ല. വോട്ട് ചെയ്യണമെന്ന് എനിക്ക് തോന്നിയിട്ടുമില്ല. പക്ഷെ ഇപ്രാവശ്യം ഞാൻ തീർച്ചയായും വോട്ട് ചെയ്യാൻ വരും. ആ വോട്ട് ആർക്കായിരിക്കുമെന്ന് ഞാൻ പറയേണ്ട ആവശ്യവുമില്ലല്ലോ എന്ന് പറഞ്ഞു. എനിക്കും കൂട്ടുകാർക്കും കാപ്പിസൽക്കാരവും നൽകി.

ഇലക്ഷൻ ദിവസം തിരുമേനി ബൂത്തിലെത്തി വോട്ടുചെയ്തപ്പോൾ പലർക്കും അത് ഒരു അത്ഭുതമായിരുന്നു. ബാവാ തിരുമേനിയുടെ പ്രവചനം നിവർത്തിയായി ഞാൻ ജയിക്കുക മാത്രമല്ല മന്ത്രിയുമായി.

ഇലക്ഷൻ ഫലം അറിഞ്ഞ ഉടനെ ഞാൻ അരമനയിലെത്തി തിരുമേനിയെ വിവരം അറിയിക്കുകയും ഭാവി പ്രവർത്തനങ്ങൾക്ക് അനുഗ്രഹം തേടുകയും ചെയ്തു. മന്ത്രിയായി തെരഞ്ഞെടുക്കപ്പെട്ടശേഷം അരമനയിലേക്ക് പോകാൻ ഞാൻ ഒരുങ്ങുമ്പോൾ തിരുമേനി എന്നെ കാണാൻ ആഗ്രഹിക്കുന്നു എന്ന അറിവുകിട്ടി. ഉടനെ ഞാൻ അങ്ങോട്ട് പോയി ബാവായെ കണ്ടു. അന്ന് എനിക്ക് അനൗപചാരികമായ ഒരു സ്വീകരണം നൽകുകയായിരുന്നു തിരുമേനി. ഔദ്യോഗികമായ സ്വീകരണം പിന്നീട് നൽകുന്നതാണെന്ന് അന്ന് അറിയിച്ചു. മൂന്നാഴ്ചയ്ക്കുശേഷം തിരുമേനിയുടെ നിർദ്ദേശാനുസരണം സഹവൈദികരും സമുദായപ്രമാണിമാരും കോട്ടയത്തെ ഉദ്യോഗസ്ഥന്മാരും പൗരമുഖ്യരും ഉൾപ്പെടെയുള്ള ആളുകളെ ക്ഷണിച്ചുവരുത്തി എനിക്ക് പഴയസെമിനാരിയിൽ ഒരു സ്വീകരണ സൽക്കാരം നൽകുകയും ഭാവി പ്രവർത്തനങ്ങൾക്ക് സർവ്വവിധ ഭാവുകങ്ങളും ആശംസിക്കുകയും ചെയ്തു.

ഏതോ ഒരു വലിയ വ്യക്തിതാൽപര്യം തിരുമേനിക്ക് എന്നോട് ഉണ്ടായിരുന്നു എന്നാണ് എന്റെ വിശ്വാസം. അതിനുശേഷം മന്ത്രിയായിരിക്കുമ്പോൾതന്നെ രണ്ടോ മൂന്നോ പ്രാവശ്യംകൂടി തിരുമേനിയെ അരമനയിൽപോയി സന്ദർശിക്കുന്നതിന് അവസരമുണ്ടായി. അതിൽ ഒന്ന് അർമ്മീനിയൻ പാത്രിയർക്കീസിന് കോട്ടയം എം.ഡി.സെമിനാരിയിൽ സ്വീകരണം നൽകിയപ്പോഴാണ് ആ സമ്മേളനത്തിൽ തിരുമേനിയുടെ പ്രത്യേക താൽപര്യപ്രകാരം ഞാൻ പ്രസംഗിക്കുകയുണ്ടായി. പിന്നീട് ഞാൻ തിരുമേനിയെ സന്ദർശിച്ചത് അദ്ദേഹം രോഗിയായിരിക്കുന്ന സന്ദർഭത്തിലാണ്.

തിരുമേനിക്ക് രോഗം അല്പം കൂടുതലാണെന്നും എപ്പോഴും അടുത്തുനിന്ന് ശുശ്രൂഷിക്കാൻ ഒരു നേഴ്സിനെ ഒരുമാസത്തേക്ക് അരമനയിൽ അയക്കാൻ ഏർപ്പാട് ചെയ്യണമെന്നും അതിനുള്ള സർവ്വചിലവും അരമനയിൽനിന്ന് നിർവ്വഹിച്ചുകൊള്ളാമെന്നും അന്ന് മെഡിക്കൽ മന്ത്രിയായിരുന്ന എന്നെ അറിയിച്ചു. അതനുസരിച്ച് സമ്മതമുള്ള ഒരാളിനെ കണ്ടുപിടിച്ച് പിറ്റേദിവസം തന്നെ അരമനയിൽ പോകത്തക്കവിധം വേണ്ട ഏർപ്പാടുകൾ ചെയ്തു. പിറ്റേദിവസം പതിനൊന്നുമണിക്ക് ഒരു നേഴ്സ് അരമനയിലെത്തി. ഏതോ മരുന്ന് കുത്തിവെയ്ക്കുന്നതിനായി നേഴ്സ് അടുത്തുചെല്ലുമ്പോഴാണ് വിവരം തിരുമേനി അറിയുന്നത്. അരമണിക്കൂറിനകം എനിക്ക് തിരുവനന്തപുരത്ത് ഒരു സന്ദേശം ലഭിച്ചു. അരമനയിൽ ചെന്ന സ്ത്രീ നേഴ്സിനോട് തിരുമേനി മുറിയിൽനിന്ന് പുറത്തുപോകാൻ പറഞ്ഞു എന്നും പകരം എവിടെനിന്നെങ്കിലും ഒരു പുരുഷനേഴ്സിനെ കണ്ടുപിടിച്ച് അയച്ചുതന്നാൽ ഉപകാരമായിരുന്നു എന്നുമായിരുന്നു സന്ദേശം. പുരുഷനേഴ്സുമാർ ഡിപ്പാർട്ടുമെന്റിൽ കൈവിരലിൽ എണ്ണാനുള്ള ആളുകൾ മാത്രമെ അന്നുണ്ടായിരുന്നുള്ളൂ. ഏതായാലും വളരെ ബുദ്ധിമുട്ടി തിരുവനന്തപുരം മെഡിക്കൽ കോളജിൽ അന്നുണ്ടായിരുന്ന ഒരു പുരുഷനേഴ്സിനെ കണ്ടുപിടിച്ച് സമ്മതം വാങ്ങി മറ്റു സാങ്കേതിക തടസ്സങ്ങൾ മാറ്റി പിറ്റേദിവസം തന്നെ ദേവലോകം അരമനയിൽ എത്തിച്ചു. പക്ഷെ ആ രോഗത്തിൽനിന്നും അദ്ദേഹം വിമുക്തനായില്ല.

തിരുമേനിയെപ്പോലെ ആഴമായ ഈശ്വരഭക്തിയും അഗാധമായ മനുഷ്യസ്നേഹവും ദിവ്യതേജസ്സും ഉള്ള അധികം ആരെയും ഇതുവരെ എനിക്കു കാണുവാൻ സാധിച്ചിട്ടില്ല.

# മാർ ബർന്നബാസ് : സഫലമായത് കെ. എം. ചെറിയാന്റെ ഉൾക്കാഴ്ച

ജേക്കബ് കുരുവിള വട്ടക്കുന്നേൽ, സഭാമാനേജിംഗ് കമ്മിറ്റി അംഗം

ദൈവവിളിക്ക് ചെവികൊടുക്കുക അതിനായി സ്വയം സമർപ്പിക്കുക അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയെക്കുറിച്ച് ഓർക്കുമ്പോൾ ഇതാണ് അദ്ദേഹത്തിന് ചേരുന്ന ഏറ്റവും നല്ല വിശേഷണം. സ്വന്തം ജീവിതംകൊണ്ടും നിഷ്ഠകൾകൊണ്ടും പ്രാർത്ഥനകൊണ്ടും അത് അക്ഷരംപ്രതി തെളിയിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. മെത്രാപ്പോലീത്താ ആയതിനുശേഷമല്ല, അതിനുമുമ്പുതന്നെ ദൈവവിളിക്കു യോഗ്യനായി ജീവിക്കുന്നവൻ എന്ന് അദ്ദേഹം തെളിയിച്ചു.

1965-ൽ മലങ്കര ഓർത്തഡോക്സ് സഭ പുതിയ മെത്രാന്മാരെ തെരഞ്ഞെടുക്കുകയാണ്. അസോസിയേഷൻ യോഗം ചേരുന്നതിനു മുമ്പുള്ള നടപടിക്രമങ്ങൾ ഇന്നത്തെപ്പോലെ അല്ലായിരുന്നു. അതതു ഭദ്രാസനങ്ങളിൽ യോഗം കൂടി പേരുകൾ അംഗീകരിച്ച് കേന്ദ്രത്തിലേക്ക് അയക്കും. അന്ന് ഭദ്രാസനങ്ങളുടെ എണ്ണം പത്തിൽതാഴെ മാത്രം. അസോസിയേഷൻ യോഗത്തിൽ ഭൂരിപക്ഷമുള്ള അഞ്ചുപേരുടെ ലിസ്റ്റ് തയ്യാറാക്കി അവതരിപ്പിക്കും. ഇതാണ് തെരഞ്ഞെടുപ്പ് രീതി.

കോട്ടയം ഭദ്രാസനയോഗം മാർ ഏലിയാ കത്തീഡ്രലിൽ കൂടുകയാണ്. സെൻട്രൽ ഭദ്രാസനം രൂപീകരിക്കപ്പെട്ടിട്ടില്ല. ഏലിയാ കത്തീഡ്രൽ ചെറിയപള്ളി എന്നീ ദേവാലയങ്ങളിലെ പ്രതിനിധികൾ കോട്ടയം ഭദ്രാസന യോഗത്തിലാണ് സംബന്ധിക്കുന്നത്. ഇടവക മെത്രാപ്പോലീത്താ പാറേട്ട് മാത്യൂസ് മാർ ഈവാനിയോസ് തിരുമേനിയാണ് അദ്ധ്യക്ഷൻ. ഭദ്രാസനപൊതുയോഗത്തിൽ മുൻ ധാരണപ്രകാരം അഞ്ചുപേരുകൾ നിർദ്ദേശിക്കപ്പെട്ടു. പെട്ടന്ന് ഓർത്തഡോക്സ് സഭയിലെ അത്മായ പ്രമുഖരിൽ പ്രധാനിയായിരുന്ന മലയാള മനോരമ ചീഫ് എഡിറ്റർ കെ.എം.ചെറിയാൻ മേൽപട്ടസ്ഥാനത്തേക്ക് കെ.കെ.മാത്യൂസ് അച്ചന്റെ (വെല്ലൂർ) പേര് നിർദ്ദേശിച്ചു. കെ.എം.ചെറിയാന്റെ ഉൾക്കാഴ്ചയും വീക്ഷണവും അതിൽനിന്നും വ്യക്തം. കെ.കെ.മാത്യൂസ് അച്ചൻ അപ്രാവശ്യം തെരഞ്ഞെടുക്കപ്പെട്ടില്ലെങ്കിലും പിന്നീട് അത് യാഥാർത്ഥ്യമായി. 1977-ൽ മാവേലിക്കര തഴക്കര സെമിനാരിയിൽവെച്ച് നടത്തപ്പെട്ട അസോസിയേഷനിൽ കെ.കെ.മാത്യൂസ് അച്ചനെ തെരഞ്ഞെടുക്കുമ്പോൾ അസോസിയേഷൻ പ്രതിനിധിയായി അതിൽ പങ്കെടുത്ത് വോട്ട് രേഖപ്പെടുത്തുന്ന സമയം കെ.എം.ചെറിയാന്റെ 1965-ലെ നിർദ്ദേശം, ഇടിമുഴക്കം പോലെ എന്റെ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു. ജീവിതത്തിലെ തന്നെ ഒരു സൗഭാഗ്യം.

2012 ഡിസംബർ 12ന് പെരുമ്പാവൂർ വളയംചിറങ്ങര സെന്റ് പീറ്റേഴ്സ് ആന്റ് സെന്റ് പോൾസ് പള്ളിയിൽ തിരുമേനിയുടെ കബറടക്ക ശുശ്രൂഷയിൽ ഞാൻ പങ്കെടുക്കുമ്പോൾ ലോകത്തിന്റെ നാട്യങ്ങൾക്കൊപ്പം മാറാതെ നിഷ്ഠകളിൽനിന്നും വ്യതിചലിക്കാതെ നിരന്തരമായ പ്രാർത്ഥനകളിലൂടെ ദൈവസംസർഗ്ഗം അനുഭവിച്ച സന്യാസശ്രേഷ്ഠന്റെ ഒട്ടേറെ സ്മരണകൾ മനസ്സിലൂടെ കടന്നുപോയി.

ദശാംശം മാറ്റിവെച്ച് ദൈവത്തിനുകൊടുക്കണം. എവിടെ പ്രസംഗിക്കുമ്പോഴും തിരുമേനി ആവർത്തിച്ച് പറയുമായിരുന്നു മറ്റുള്ളവരെ കരുതാനും ശുശ്രൂഷിക്കുവാനും ഉള്ള വലിയ ആഹ്വാനമായിരുന്നു അത്. സ്വയം ത്യജിച്ച് ആളത്വം ഒഴിവാക്കി ശുശ്രൂഷയുടെ സ്നേഹസ്പർശം അനേകർക്ക് പകർന്നു നൽകിയ തിരുമേനിയുടെ പാവനസ്മരണയ്ക്കു മുമ്പിൽ എന്റെ അഞ്ജലി.

# പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവെ എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്ക് വഴികാണിച്ച് തരികയും എന്നോട് മററുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവിക ദാനം തരികയും ചെയ്യുന്നവനും എന്റെ ജീവിതത്തിൽ എല്ലാ ദൈവിക ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്രവലിയ ഭൗതിക ആഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നുഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെയായിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോട് ചേർന്നിരിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്ന് ദിവസം അടുപ്പിച്ച് ചൊല്ലുക മൂന്ന് ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും അപേക്ഷിക്കുന്നതിന് മുമ്പ് താഴെപ്പറഞ്ഞിരിക്കുന്ന രണ്ടുകാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.

2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്രയധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും ഇതു പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

മാത്യു തോമസ് തിരുവല്ല

# കാര്യമ്പാടി കണ്ണാശുപത്രിയുടെ ഗിവ് സൈറ്റ് പ്രോജക്റ്റ്

എം.ഒ.എസ്.സി. എം.എം. ഐ ഹോസ്പിറ്റൽ, കാര്യമ്പാടി പി.ഒ., വയനാട്, കേരള-673 591, ഫോൺ : 04936-247274, 9446733201

1986 ജനുവരി 17ന് ആണ് കാര്യമ്പാടിയിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ വകയായി കണ്ണാശുപത്രി ആരംഭിക്കുന്നത്. പ.കാതോലിക്കാ ബാവാ തിരുമേനി പ്രസിഡന്റും, സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ വൈസ് പ്രസിഡന്റുമായുള്ള ഗവേണിംഗ് ബോർഡിന്റെ നിയന്ത്രണത്തിലാണ് ആശുപത്രി പ്രവർത്തിച്ചുവരുന്നത്. ജാതി, മത, വർഗ്ഗ, വർണ്ണ, ഭാഷാഭേദമില്ലാതെ ചികിത്സിക്കാൻ മാർഗ്ഗമില്ലാത്ത സാധുക്കളായ എല്ലാ നേത്രരോഗികൾക്കും സൗജന്യമായി ഇവിടെ ചികിത്സ നൽകിവരുന്നു. സാമ്പത്തികശേഷിയുള്ളവരിൽനിന്നാണെങ്കിലും മിതമായ ഫീസു മാത്രമേ വാങ്ങാറുള്ളൂ. വയനാട് ഒരു ട്രൈബൽ ജില്ലയാണ്. അതുകൊണ്ട് സൗജന്യചികിത്സ അർഹിക്കുന്ന അനേകരുണ്ട്.

ഈ കാരണത്താൽ സുമനസ്സുകളുടെ സഹകരണത്തോടെ കൂടുതലായി സൗജന്യ ചികിത്സ നടത്തുകയെന്ന ലക്ഷ്യത്തോടെ 1993-ൽ ഗിവ് സൈറ്റ് പ്രോജക്റ്റിന് ഇവിടെ തുടക്കം കുറിച്ചു. 2011 മാർച്ച് 31 വരെയുള്ള കണക്കുപ്രകാരം 158,49120 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നൽകാൻ സാധിച്ചു. തുന്നലില്ലാത്ത ആധുനിക താക്കോൽദ്വാര ശസ്ത്രക്രിയ വഴി ഇൻട്രാ ഒക്യുലർ ലെൻസ് കണ്ണിനുള്ളിൽ വെച്ച് കാഴ്ച നൽകുന്നതിന് 30000 രൂപ വരെ പല സ്ഥാപനങ്ങളും ചാർജ്ജ് വാങ്ങാറുണ്ട്. എന്നാൽ പാവപ്പെട്ടവർക്ക് അത് വഹിക്കുവാനുള്ള സാമ്പത്തികശേഷിയില്ലാത്തതിനാൽ അവർ അന്ധരായി തന്നെ ജീവിക്കേണ്ടിവരുന്നു. ഈ ദുസ്ഥിതിക്ക് ഒരു പരിധിവരെ പരിഹാരമാണ് ഗിവ് സൈറ്റ് പ്രോജക്റ്റ്.

ഗിവ് സൈറ്റ് പ്രോജക്റ്റ് മുഖേന ഇതിനകം 5144 താക്കോൽദ്വാര ശസ്ത്രക്രിയ സൗജന്യമായി നടത്തി സാധുക്കളായ അന്ധരെ കാഴ്ചയുള്ളവരാക്കിയിട്ടുണ്ട്. കൂടാതെ മറ്റു വിവിധ ശസ്ത്രക്രിയ വഴി 4268പേർക്ക് കാഴ്ചവൈകല്യം സൗജന്യമായി പരിഹരിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും മഹത്തായ സേവനം നൽകുന്ന ഈ സ്ഥാപനത്തിന് അർഹിക്കുന്ന അംഗീകാരംപോലും പലപ്പോഴും ലഭിക്കാറില്ല. കൊട്ടും കുരവയും ഫ്ളക്സും ചുമരെഴുത്തും ഒന്നും ഇല്ലാത്തതായിരിക്കാം കാരണം.

നിങ്ങളുടെ ജന്മദിനം, മാമോദീസാദിനം, വിവാഹദിനം, പ്രിയപ്പെട്ടവരുടെ ഓർമ്മദിനം, ആദ്യശമ്പളദിനം തുടങ്ങിയ വിശേഷ അവസരങ്ങളിൽ പാവപ്പെട്ട ഒരന്ധനെങ്കിലും കാഴ്ച നൽകാൻ സാധിച്ചാൽ കർത്താവിന് ഏറെ പ്രസാദകരമായിരിക്കും. 2000 രൂപ ഗിവ് സൈറ്റിലേക്ക് അയച്ചുതന്നാൽ ഞങ്ങൾ നിങ്ങളുടെ പേരിൽ ഒരന്ധന് കാഴ്ച നൽകി വിവരം നിങ്ങളെ അറിയിക്കും. ശസ്ത്രക്രിയക്കു വരുന്ന അധികചിലവുകൾ ഞങ്ങൾ വഹിക്കുന്നതാണ്. കാഴ്ചയില്ലാത്തവർക്ക് കാഴ്ച നൽകുന്ന ഈ പദ്ധതിയിൽ പങ്കാളിയാകാൻ നിങ്ങളേയും ക്ഷണിക്കുന്നു. സംഭാവന നൽകുന്നവർക്ക് 80 ജി ഇളവിന് അർഹതയുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് 9446733201 നമ്പരിൽ ബന്ധപ്പെടുക. നിങ്ങളുടെ സംഭാവനകൾ ക്രോസ് ചെയ്ത ചെക്ക്/ഡി.ഡി./എം.ഒ. ആയോ മീനങ്ങാടി കാനറാ ബാങ്ക് ശാഖയിലെ 0827101010768 നമ്പർ അക്കൗണ്ടിലേക്ക് ബാങ്ക് മുഖേന നേരിട്ട് അയച്ചുതരികയോ ചെയ്യാവുന്നതാണ്. IFS Code CNRB0000827 ആണ്. ബാങ്ക് മുഖേനയാണെങ്കിൽ അയച്ചാൽ ഉടനെ ഈ വിവരം അറിയിക്കുന്നത് കൃത്യമായി രസീത് നൽകാൻ സഹായിക്കും.

ചെക്കിലും ഡി.ഡി.യിലും Give Sight Project, Treasurer, MOSC MM Eye Hospital, Kariambadi എന്ന് ചേർക്കാൻ മറക്കരുത്.

റവ.അബ്രഹാം മാത്യു എടയക്കാട്ട് കോർഎപ്പിസ്കോപ്പാ, സെക്രട്ടറി, ഗവേണിംഗ് ബോർഡ്

# കൊട്ടാരക്കര കൺവൻഷൻ 2013 ഒരുക്കങ്ങൾ പൂർത്തിയാകുന്നു

ഫാ.കെ.ഗീവർഗീസ് ചെങ്ങമനാട്

ഒരു നൂറ്റാണ്ടിലേറെ കാലം പിന്നിട്ട മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ കൊട്ടാരക്കര കൺവൻഷൻ സമകാലീന സമൂഹത്തിന്റെ വെല്ലുവിളികൾ സ്വീകരിച്ചുകൊണ്ട് പുതിയ മാനങ്ങൾ തേടി മുന്നേറിക്കൊണ്ടിരിക്കുന്നു. മലങ്കരസഭയിൽ നവീകരണ ആശയങ്ങൾ പ്രചരിക്കുവാൻ തുടങ്ങിയ കാലഘട്ടത്തിൽ നിരണം ഭദ്രാസനാധിപനായിരുന്ന പരുമല തിരുമേനി കൊല്ലം - തുമ്പമൺ ഭദ്രാസനങ്ങളുടെ ചുമതലക്കാരനായി. ഈ അവസരത്തിൽ കൊട്ടാരക്കരയിലെ വിശ്വാസസമൂഹത്തിന്റെ ആത്മീകവും ഭൗതീകവുമായ ആവശ്യങ്ങൾക്ക് നേതൃത്വം നൽകി വിശ്വാസപഠനക്ലാസ്സുകളും പ്രസംഗങ്ങളും സംഘടിപ്പിച്ചു. ഇത് കൊട്ടാരക്കര കൺവൻഷന്റെ തുടക്കമായി കരുതാവുന്നതാണ്. പിന്നീട് വന്ന പിതാക്കന്മാരും ഇടവകതോറും ധ്യാനപ്രസംഗങ്ങളും കൺവൻഷൻ യോഗങ്ങളും ആരംഭിച്ചു. കോട്ടപ്പുറം പള്ളി അങ്കണത്തിൽ കൺവൻഷൻ യോഗങ്ങൾ ആരംഭിക്കുന്നത് അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ കാലത്താണ്.

ഇടക്കാലത്ത് നിന്നുപോയ കൺവൻഷൻ 1974 മാർച്ച് മാസം മുതൽ മാത്യൂസ് മാർ കൂറിലോസ് (ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ) തിരുമേനി ഇപ്പോൾ നടക്കുന്ന സ്ഥലത്ത് കൺവൻഷൻ പുനരാരംഭിക്കുന്നതിന് നേതൃത്വം നൽകി. 39 വർഷമായി ഈ കൺവൻഷൻ മുടങ്ങാതെ നടക്കുന്നു. ഒരേക്കർ 20 സെന്റ് സ്ഥലം സ്വന്തമായി ഇന്ന് മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സെന്ററായി നിലനിൽക്കുന്നു. ഈ സെന്ററിന്റെ ആഭിമുഖ്യത്തിലാണ് കൺവൻഷൻ നടക്കുന്നത്. 1979മുതൽ കൊല്ലം, തിരുവനന്തപുരം ഭദ്രാസനങ്ങളുടെ സംയുക്ത ആഭിമുഖ്യത്തിലായിരുന്ന കൺവൻഷൻ ഇപ്പോൾ രണ്ടുവർഷമായി പുതുതായി നിലവിൽ വന്ന കൊട്ടാരക്കര-പുനലൂർ ഭദ്രാസനത്തിന്റെ ആതിഥേയത്വത്തിലാണ് നടക്കുന്നത്. ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ തോവോദോറോസ് തിരുമേനി നേതൃത്വം നൽകിക്കൊണ്ട് കൺവൻഷനും മറ്റ് അനുബന്ധപ്രവർത്തനങ്ങളും നടത്തിവരുന്നു.

മലങ്കര ഓർത്തഡോക്സ് സഭയുടെ ഈ വർഷത്തെ കൊട്ടാരക്കര കൺവൻഷൻ 2013 ജനുവരി 20 മുതൽ 27 വരെ കൊട്ടാരക്കര മലങ്കര ഓർത്തഡോക്സ് ക്രിസ്ത്യൻ സെന്റർ ഗ്രൗണ്ടിൽ തയ്യാറാക്കുന്ന പന്തലിൽവെച്ച് നടക്കുന്നു. ഈ വർഷത്തെ ചിന്താവിഷയം വരുവിൻ നാം ഇനിയും നിന്ദാപാത്രമായിരിക്കാതെവണ്ണം യെരുശലേമിന്റെ മതിൽ പണിയുക (നെഹ.2:17). 20ന് സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം ചെങ്ങന്നൂർ ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ കൺവൻഷൻ ഉദ്ഘാടനം ചെയ്യും. കൊട്ടാരക്കര - പുനലൂർ ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ തേവോദോറോസ് അദ്ധ്യക്ഷത വഹിക്കുന്ന സമ്മേളനത്തിൽ ഫാ.തോമസ് അമയിൽ വചനശുശ്രൂഷ നിർവ്വഹിക്കും. ജനറൽ കൺവീനർ ഫാ.കെ.ഗീവർഗീസ് ചെങ്ങമനാട് ആശ്രമം, ഫാ.കോശി ജോൺ എന്നിവർ പ്രസംഗിക്കും. 21ന് ഫാ.പ്രൊഫ.കുര്യൻ ഡാനിയേൽ പ്രസംഗിക്കും. തുടർന്ന് സമർപ്പണ ശുശ്രൂഷ. 22ന് വൈദികയോഗം ഡോ.യൂഹാനോൻ മാർ തോവോദോറോസ് അദ്ധ്യക്ഷത വഹിക്കും. ഫാ.ഡോ.എം.ഒ.ജോൺ ക്ലാസ്സെടുക്കും. വൈകിട്ട് പ്രൊഫ.ഇട്ടി വർഗീസ് പ്രസംഗിക്കും. 23ന് സന്ധ്യാനമസ്ക്കാരത്തെ തുടർന്ന് ഫാ.മോഹൻ ജോസഫ് പ്രസംഗിക്കും. 24ന് മർത്തമറിയം വനിതാസമാജ സമ്മേളനത്തിൽ മായാ സൂസൻ ജേക്കബ് ക്ലാസ്സെടുക്കും. സാറാമ്മ കോശി, മിനി ജോസ് എന്നിവർ പ്രസംഗിക്കും. വൈകിട്ട് സന്ധ്യാനമസ്ക്കാരം തുടർന്ന് ഫാ.ഡോ.വർഗീസ് വർഗീസ് പ്രസംഗിക്കും. തുടർന്ന് സമർപ്പണ ശുശ്രൂഷ. 25ന് സുവിശേഷസംഘം, മദ്ധ്യസ്ഥ പ്രാർത്ഥനാസമ്മേളനം ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് ക്ലാസ്സെടുക്കും. ഫാ. ഫിലിപ്പ് മാത്യു അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ ഡോ.യൂഹാനോൻ മാർ തേവോദോറോസ് അനുഗ്രഹപ്രഭാഷണം നടത്തും. ഫാ.ജോൺ ഫിലിപ്പ് മദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് നേതൃത്വം നൽകും. സാജൻ തോമസ്, ഡി. കുഞ്ഞുമോൻ തെന്മല എന്നിവർ പ്രസംഗിക്കും. വൈകിട്ട് ഫാ.ഫിലിപ്പ് തരകൻ പ്രസംഗിക്കും. തുടർന്ന് സമർപ്പണശുശ്രൂഷ. 26ന് ഫാ.ഐസക് ബി.പ്രകാശ്, ഫാ.ജി.കോശി, ഫാ.തോമസ് ജോൺ, ഡാനിയേൽകുട്ടി എന്നിവർ പ്രസംഗിക്കും. തുടർന്ന് ക്യാൻഡിൽ പ്രയർ. 27ന് വി.കുർബ്ബാനയ്ക്ക് ഡോ.യൂഹാനോൻ മാർ തേവോദോറോസ് നേതൃത്വം നൽകും. സമാപന സമ്മേളനത്തിൽ പ്രൊഫ.ജോൺ മാത്യു സമാപന സന്ദേശം നൽകും. തുടർന്ന് സണ്ടേസ്ക്കൂൾ കുട്ടികൾക്കുള്ള ട്രോഫി വിതരണം മുൻവർഷത്തെ റിപ്പോർട്ട് അവതരണം, കൃതജ്ഞത, കാതോലിക്കാ മംഗളഗാനം.

ഫാ.കെ.ഗീവർഗീസ് ചെങ്ങമനാട് ആശ്രമം (ജനറൽ കൺവീനർ), മാത്യു വർഗീസ് (സെക്രട്ടറി), ബാബു ഉമ്മൻ (ട്രഷറാർ), കെ.ജി. റോയി (ജോ.സെക്രട്ടറി) എന്നിവർ ഈ വർഷത്തെ കൺവൻഷന് നേതൃത്വം നൽകും.

## ആറാം ചരമവാർഷികം

17-01-2013



ഏലിയാമ്മ ജോൺ
(കുഞ്ഞമ്മ)

(റിട്ട.ടീച്ചർ, ഗവ.ഗേൾസ് ഹൈസ്ക്കൂൾ, അടൂർ), മോളേത്ത്, അടൂർ

ജോൺ വർഗീസ് മോളേത്ത് & ഫാമിലി

## വി.യൂദാശ്ലീഹായുടെ പ്രാർത്ഥന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി.യൂദാശ്ലീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കേണമേ. യാതൊരു സഹായവും ഫലസിദ്ധിയില്ലാതെ വരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കേണമേ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യാ (ആവശ്യം പറയുക) അങ്ങേ സഹായം ഞാനപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ലീഹായെ അങ്ങേ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

മാത്യു തോമസ് തിരുവല്ല

# നാം ആരാകുന്നു?

ഡോ.പുന്നൂസ് യു.പാണൂർ

ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല. വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രെ (എഫേ.2:19).

ശിശുവായിരിക്കുമ്പോൾതന്നെ വി.മാമോദീസാ വഴി നാം ക്രിസ്തുവിനെ സ്വീകരിക്കുകയും ക്രിസ്തു ശരീരമായ സഭയുടെ അംഗമായിത്തീരുകയും ചെയ്യുന്നു. സ്നാനപ്പെടുന്നതു ക്രിസ്തുവിനോട് ചേരുന്നതിനാകുന്നു. സ്നാനംവഴി നാം ക്രിസ്തുവിന്റെ മരണത്തിലും ഉയർപ്പിലും പങ്കാളികളായിത്തീരുന്നു. അതുപോലെ പാപത്തിനു അടിമപ്പെടാതെവണ്ണം നമ്മുടെ പഴയ മനുഷ്യൻ ക്രിസ്തുവിനോടുകൂടി ക്രൂശിക്കപ്പെടുന്നു. അതിനുശേഷമുള്ള ജീവിതം ദൈവത്തിനായി മാത്രമുള്ളതാകുന്നു (റോമ.6:3-14). പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിനു ദാസന്മാരായി ജീവിക്കുന്നവർക്കു ലഭിക്കുന്ന പ്രതിഫലം വിശുദ്ധീകരണവും നിത്യജീവനും ആകുന്നു (റോമ.6:22-23).

ക്രിസ്തുവിനെ സ്വീകരിക്കുകയും ക്രിസ്തുവിനായി ജീവിക്കാൻ പ്രതിജ്ഞ എടുക്കുകയും ചെയ്തിരിക്കുന്ന നാം നമ്മുടെ പദവികളെക്കുറിച്ചും ചുമതലകളെക്കുറിച്ചും അറിഞ്ഞിരിക്കേണ്ടതാണ്. അഥവാ നാം ആരെന്നറിയണം. വി.പൗലോസ് ശ്ലീഹാ വിശ്വാസികളെ പൊതുവെ വിശുദ്ധർ എന്നാണ് വിളിക്കുന്നത് (റോമ 1:3, 1കൊരി.1:2). ക്രിസ്തുവിനായി വിളിക്കപ്പെട്ടവർ, യേശുക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടവർ എന്നൊക്കെയാണ് ഈ പദംകൊണ്ട് അർത്ഥമാക്കുന്നത്. ആകയാൽ നിങ്ങൾ ഇനി അന്യന്മാരും പരദേശികളുമല്ല വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരുമത്രെ (എഫേ.2:19).

ദൈവത്തിന്റെ മക്കൾ എന്ന സ്ഥാനമാണ് നമുക്കു ലഭിച്ചിരിക്കുന്നത്. കാൺമീൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്രവലിയ സ്നേഹം നൽകിയിരിക്കുന്നു. പ്രിയമുള്ളവരെ നാം ഇപ്പോൾ ദൈവമക്കളാകുന്നു. (യോഹ 3:2) ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവമക്കൾ ആകുന്നു.(റോമാ 2:8) അതുപോലെ നാം ദൈവത്തിന്റെ അവകാശികളും ക്രിസ്തുവിന് കൂട്ടവകാശികളും ആകുന്നു.( റോമാ 8:17, ഗല 4:7) നാം ദൈവം വസിക്കുന്ന മന്ദിരങ്ങളാകുന്നുവെന്ന് എപ്പോഴും ഓർത്തിരിക്കേണ്ടതാണ്. ദൈവത്തിന്റെ ഭാഗമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരങ്ങളാകുന്നു എന്നും നിങ്ങളെ വിലയ്ക്കുവാങ്ങിയിരിക്കയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ലയെന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങൾ ശരീരംകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ (കൊരി 6:19,20) നിങ്ങൾ ദൈവത്തിന്റെ മന്ദിരമെന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നുവെന്നും അറിയുന്നില്ലയോ (1 കൊരി 3:16)

നാം എല്ലാവരും ക്രിസ്തുവിൽ ഒരു ശരീരമാകുന്നു. പലരായ നാം ക്രിസ്തുവിൽ ഒരു ശരീരവും എല്ലാവരും അവയവങ്ങളുമാകുന്നു.(റോമ 2:5). അപ്പം ഒന്ന് ആകകൊണ്ട് പലരായ നാം ഒരു ശരീരം ആകുന്നു. നാം എല്ലാവരും ആ ഒരേ അപ്പത്തിന്റെ അംശികൾ ആകുന്നുവല്ലോ (1 കൊരി 10:17)

നാം പ്രവാസികളും പരദേശികളുമാകുന്നു. പ്രിയമുള്ളവരെ പ്രവാസികളും പരദേശികളുമായ നിങ്ങളുടെ നടപ്പ് നന്നായിരിക്കേണം എന്നു ഞാൻ പ്രബോധിപ്പിക്കുന്നു.(1 പത്രോ 2:1) നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാകുന്നു(ഫിലി 3:20)

നാം ഈ ഭൂമിയുടെ ഉപ്പും ലോകത്തിന്റെ വെളിച്ചവുമാകുന്നു. നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു.......... നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു.. മനുഷ്യർ നിങ്ങളുടെ നല്ല പ്രവർത്തികണ്ട്, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്തേണ്ടതിനു നിങ്ങളുടെ വെളിച്ചം അവരുടെ മുൻപിൽ പ്രകാശിക്കട്ടെ (മത്താ 5:13-16)

നാം വെളിച്ചത്തിന്റെ മക്കളും പകലിന്റെ മക്കളുമാകുന്നു. ആകയാൽ ശേഷമുള്ളവരെപ്പോലെ ഉറങ്ങാതെ ഉണർന്നു സുബോധമുള്ളവരായിരിക്കുക (1 തെസ്സ 5:5)

നാം നിത്യജീവൻ പ്രാപിച്ചവരാകുന്നു. ദൈവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്നു നിങ്ങൾ അറിയേണ്ടതിനു തന്നെ (1യോഹ 5:13) പുത്രനുള്ളവന് ജീവനുണ്ട്. ദൈവപുത്രനില്ലാത്തവനു ജീവൻ ഇല്ല. (1 യോഹ 5:12) കർത്താവു പറയുന്നു: എന്റെ മാംസം തിന്നുകയും എന്റെ രക്തം കുടിക്കുകയും ചെയ്യുന്നവനും നിത്യജീവൻ ഉണ്ട് (യോഹ 6:54) വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ട്(യോഹ 6:47)

വി.പത്രോസ് ശ്ലീഹായുടെ വാക്കുകൾ നാം ആരെന്നു ഗ്രഹിക്കുവാനും ജീവിതത്തെ ധൈര്യത്തോടെ നേരിടുവാനും നമ്മെ സഹായിക്കും. നിങ്ങളോ അന്ധകാരത്തിൽ നിന്നു തന്റെ അത്ഭുതങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തിരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നു. മുമ്പേ നിങ്ങൾ ജനമല്ലാത്തവർ, ഇപ്പോഴോ ദൈവത്തിന്റെ ജനം (1 പത്രോ 2:9-10)

നാം പരിശുദ്ധാത്മാവിന്റെ ഫലം പുറപ്പെടുവിക്കാൻ നിയോഗിക്കപ്പെട്ടവരാകുന്നു. ആത്മാവിനെ അനുസരിച്ചു നടപ്പീൻ, ആത്മാവിന്റെ ഫലമോ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രീയജയം.

നാം ക്രിസ്തുവേശുവിന് സമർപ്പിക്കപ്പെട്ടവരാകുന്നു. നാം ദൈവമക്കളാണെന്നും ദൈവേഷ്ടത്തിനനുസരിച്ച് ജീവിപ്പാൻ കടപ്പെട്ടവരാണെന്നും അറിഞ്ഞു ദൈവനാമ മഹത്വത്തിനായി ജീവിക്കാം. ഓർക്കുക നാം അവന്റെ കൈപ്പണിയായി സൽപ്രവർത്തികൾക്കായി ക്രിസ്തുവേശുവാൽ സൃഷ്ടിക്കപ്പെട്ടവരാകുന്നു (എഫേ 2:10)

**THANKS GIVING**

**SAINT CLARE'S PRAYER**

May the Secred Heart of Jesus be praised, adored, glorified & loved today and everyday throughout the world, now and forever, Amen. Ask St.Claire for three favours two imposible and say nine Hail Mary's and the above prayer for nine days, with a lighted candle. Pray whether you believe or not and publish on the ninth day. Your reguest will be granted no matter how imposible it is.

**SARA**

**THANKS GIVING**

**SAINT CLARE'S PRAYER**

May the Secred Heart of Jesus be praised, adored, glorified & loved today and everyday throughout the world, now and forever, Amen. Ask St.Claire for three favours two imposible and say nine Hail Mary's and the above prayer for nine days, with a lighted candle. Pray whether you believe or not and publish on the ninth day. Your reguest will be granted no matter how imposible it is.

**SARA**

# ദനഹാപെരുന്നാൾ, ദനഹായ്ക്ക് ശേഷം ഒന്നും രണ്ടും ഞായറുകൾ

## ധ്യാനപീഠം

വെരി.റവ.ഏലിയാസ് കോശി
റമ്പാൻ, പത്തനാപുരം

### ജനനപ്പെരുന്നാളിനുശേഷം രണ്ടാം ഞായർ - ദനഹാപ്പെരുന്നാൾ

**വി.ലൂക്കോസ് 2:40-52, 3:7-22**

പൈതൽ വളർന്നു ജ്ഞാനം നിറഞ്ഞു. ദൈവകൃപയും അവന്മേൽ ഉണ്ടായിരുന്നു. ഓരോ പൈതലിന്റെയും ജനനം ദൈവകൃപയാൽ ആണ്. വളർച്ചയിൽ ദൈവകൃപയും ജ്ഞാനവും ലഭിക്കുമ്പോൾ ആ ജന്മം സഫലമാകും. ഭൂമിയിലേക്ക് പിറന്നുവീഴുന്ന ഓരോ പൈതലും അപാരമായ കഴിവുകളുടെ ഭണ്ഡാഹാരമാണ്. അത് മാതാപിതാക്കൾ മനസ്സിലാക്കി അവരെ വളർത്തുമ്പോൾ അവരവർക്ക് ലഭിച്ചിട്ടുള്ള താലന്തുകൾ വർദ്ധിക്കുകയും എല്ലാവർക്കും അതിന്റെ പ്രയോജനങ്ങൾ ലഭിക്കുകയും ചെയ്യും. 41-ാം വാക്യം മുതൽ തന്റെ പന്ത്രണ്ടാമത്തെ വയസ്സിൽ യെരുശലേം ദേവാലയത്തിലേക്ക് മാതാപിതാക്കന്മാരോടുകൂടിയുള്ള യാത്രയും അനന്തര സംഭവങ്ങളും രേഖപ്പെടുത്തിയിരിക്കുന്നു. ആണ്ടുതോറും എല്ലാ യഹൂദന്മാരും പ്രധാനപ്പെട്ട മൂന്നു പെരുന്നാളുകളിൽ യെരുശലേം ദേവാലയത്തിൽ എത്തിയിരിക്കണമെന്നുള്ള നിർദ്ദേശം അവർ അക്ഷരംപ്രതി അനുസരിക്കുമായിരുന്നു. ആ പതിവനുസരിച്ചാണ് മാതാവും യൗസേഫും ബാലനായ യേശുവും പെസഹാപെരുന്നാളിനുപോയത്. ജനം എല്ലാം ഒന്നിച്ച് സങ്കീർത്തനങ്ങൾ പാടിക്കൊണ്ടാണ് പോകുന്നത്. നമ്മുടെ പള്ളിയിൽപോക്ക്, ആരാധനയിലുള്ള സംബന്ധം, റാസയിലെ പെരുമാറ്റം, ശവസംസ്ക്കാരസമയം, പദയാത്രകൾ എല്ലാം എപ്രകാരമാണു നിർവ്വഹിക്കുന്നത് എന്ന് വിശദീകരിക്കുന്നില്ല. ഇതിലൊന്നും യാതൊരു അച്ചടക്കവും നിയമാവലികളും സാധാരണ മര്യാദകൾപോലും പാലിക്കുവാൻ നമ്മുടെ ജനങ്ങൾ പഠിച്ചിട്ടില്ല. അഥവാ അറിയാമെങ്കിലും പാലിക്കപ്പെടുന്നില്ല എന്നുള്ള സത്യം മറച്ചുവെച്ചിട്ടു കാര്യമില്ല.

തിരുക്കുടുംബം യെറുശലേം ദേവാലയത്തിൽചെന്ന് വഴിപാടുകൾ അർപ്പിച്ചു പ്രാർത്ഥനകൾ നടത്തി കൂട്ടം കൂട്ടമായി സ്വന്തസ്ഥലങ്ങളിലേക്കു തിരിച്ചു യാത്രയായി. മൂന്നുദിവസത്തെ വഴി പിന്നിട്ടപ്പോഴാണ് യേശുവിനെ അന്വേഷിക്കുന്നത്. കൂട്ടത്തിൽ കാണുമെന്നാണ് ധരിച്ചിരുന്നത്. കൂട്ടത്തിൽ ഇല്ല എന്നു മനസ്സിലായപ്പോൾ ഉണ്ടായ ദുഃഖം വളരെ വലുതായിരുന്നു. നമ്മുടെ യാത്രകളും അന്വേഷണങ്ങളും ജീവിതവും ഒക്കെ ഏതാണ്ടിപ്രകാരമാണ്. പരമകാരുണികനായ ദൈവം നമ്മോടുകൂടെ ഉണ്ടോ എന്ന് ശ്രദ്ധിക്കുന്നത് എത്രപേരാണ്. എല്ലാം നമ്മുടെ മിടുക്ക്, ബുദ്ധി സാമർത്ഥ്യം, പ്രവർത്തനമികവ് എന്നൊക്കെയാണ് നമ്മുടെ ധാരണ. അതുകൊണ്ട് ഒരു തിരിച്ചുപോക്ക് നമ്മുടെ കർമ്മമണ്ഡലത്തിൽ അത്യാവശ്യമായുണ്ട്. മനുഷ്യരുടെ മുമ്പിൽ വിളങ്ങുവാൻ തക്കവണ്ണമുള്ള പ്രവർത്തികൾ നാം ചെയ്യുമ്പോൾ കർത്താവിന്റെ സാന്നിധ്യം ഉണ്ടോ എന്നു ചിന്തിക്കുന്നത് നല്ലതായിരിക്കും. കർത്താവില്ലാത്ത യാത്ര, കർത്താവില്ലാത്ത പ്രവർത്തി, കർത്താവില്ലാത്ത ജീവിതം ഇത് നമ്മെ ഒന്നിനും പ്രാപ്തരാക്കയില്ല. നന്മയുടെ അനുഭവം ജീവിതത്തിലും ജീവിതവ്യാപാരങ്ങളിലും ഉണ്ടായിരിക്കണം.

മാതാവും പിതാവും ദുഃഖാർത്ഥരായി ദേവാലയത്തിൽ എത്തിയപ്പോൾ കണ്ട കാഴ്ച അവരുടെ മനം കുളിർപ്പിക്കുന്നതായിരുന്നു. ശാസ്ത്രിമാരും വേദപണ്ഡിതന്മാരുമായി വാദപ്രതിവാദം നടത്തുകയും ഗഹനമായ വിഷയങ്ങളിൽ അവരോടു തർക്കിക്കുകയും വിശദീകരണങ്ങൾ തെളിവായി വിശദീകരിക്കുമ്പോൾ യഹൂദപ്രമാണിമാരും റാബികളും അത്ഭുതപ്പെടുകയാണ്. മകനോട് മാതാവും പിതാവും അനുഭവിച്ച പ്രയാസങ്ങൾ പറഞ്ഞപ്പോൾ തന്റെ മറുപടി എന്റെ പിതാവിന്നുള്ളതിൽ ഞാൻ ഇരിക്കേണ്ടതല്ലയോ. ഇതു നിങ്ങൾക്ക് അറിഞ്ഞുകൂടായോ. അവർക്കതു മനസ്സിലായില്ല. അവരോടുകൂടെ തിരിച്ചു അവർക്കു വഴങ്ങിപാർത്തു. എത്ര മാതൃകാപരമായ അനുസരണവും, വിനയവും നമ്മുടെ മക്കൾക്കും ഈ ഒരു മനോഭാവം ഉണ്ടാകുന്നതിനു മാതാപിതാക്കൾക്ക് ശ്രദ്ധാപൂർവ്വമായ പ്രാർത്ഥന ഉണ്ടാകണം.

ഈ സംഭവിച്ച കാര്യങ്ങളെല്ലാം മാതാവു ഹൃദയത്തിൽ ഗ്രഹിച്ചു. ഇന്നത്തെ തലമുറയുടെ അവസ്ഥ. യാതൊരു നിയന്ത്രണവുമില്ലാതെ ആരെയുംഭയമില്ലാതെയുള്ള ഒരു പോക്ക്. വി.വേദപുസ്തകം വി.സഭ, പാരമ്പര്യം ഇവകളൊന്നും ഇന്ന് അത്ര പ്രസക്തമല്ല. ഈരീതി മാറിവരുന്നതിനു പ്രാർത്ഥിക്കാം.

ദനഹാ ; ഈ വർഷം ദനഹാപെരുന്നാൾ ഞായറാഴ്ചയാണല്ലോ. നമ്മുടെ കർത്താവു മുപ്പതാം വയസ്സിലാണ് മാമോദീസാ സ്വീകരിച്ചത്. പ്രൊട്ടസ്റ്റന്റ് വിശ്വാസികൾ അതനുസരിച്ച് ശിശുക്കളുടെ മാമോദീസാ വേദവിപരീതമാണെന്നു പഠിപ്പിക്കുന്നു. ശിശുക്കൾക്കും പരിശുദ്ധാത്മവരം പ്രാപിക്കാൻ കഴിവുണ്ടെന്നു വി.വേദപുസ്തകം പഠിപ്പിക്കുന്നു.

യോർദ്ദാൻ നദിയുടെ തെക്കുഭാഗത്തുള്ള ത്രിവേണി സംഗമസ്ഥാനത്തുവെച്ചാണ് സ്നാപകയോഹന്നാനാൽ കർത്താവു മാമോദീസാ സ്വീകരിച്ചത്. സ്വർഗ്ഗം തുറന്നു. പരിശുദ്ധാത്മാവ് പ്രാവുരൂപത്തിൽ പറന്നിറങ്ങി. ഇവൻ എന്റെ പ്രിയപുത്രൻ എന്നു ലോകത്തിനു വെളിപ്പെടുത്തി. യോർദ്ദാൻ, യാർമോക്ക്, യബൂക്ക് എന്നീ പോഷകനദികളുടെ സംഗമസ്ഥാനമാണ് ഈ ത്രിവേണി. ഹെർമ്മോൻ മലയിൽനിന്നു വരുന്ന മഞ്ഞുവെള്ളവും, ദാൻ മരുഭൂമിയിൽക്കൂടി ഒഴുകുന്ന യർമ്മോക്ക് നദിയിലെ ചൂടുവെള്ളവും ഗിലെയാദ് താഴ്വരയിൽക്കൂടി ഒഴുകുന്ന യബൂക്കു നദിയിൽ സുഗന്ധ ഇലകൾ വീണ് കലങ്ങിയ സുഗന്ധവെള്ളവുമാണ് ഈ ത്രിവേണി സംഗമത്തിൽ ഉള്ളത്. ഇതിനെ ദൃഷ്ടാന്തീകരിക്കുന്ന വിധത്തിലാണ് ഓർത്തഡോക്സ് സഭകളുടെ മാമോദീസാകൂദാശയിൽ ശുദ്ധമായ പച്ചവെള്ളവും ചൂടുവെള്ളവും പ.മൂറോൻ തൈലവും ചേർത്ത് കൂദാശ നടത്തുന്നത്. മാമോദീസായിൽക്കൂടി പുത്രസ്വീകാരവും, ദൈവദൂതന്മാരോടുള്ള സംസർഗ്ഗവും പ.സഭയിലെ അംഗത്വവും, വീണ്ടും ജനനവും ലഭിക്കുന്നു. മാമോദീസായിൽക്കൂടി ലഭിച്ചിട്ടുള്ള ആത്മീയനൽവരം ജ്വലിപ്പിച്ച് ആത്മീയ നിർവൃതി നേടാൻ മാമോദീസാ പ്രാപിച്ച ദൈവമക്കൾ അനവരതം പ്രവർത്തിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യണം.

ദനഹാദിവസത്തിലെ വെള്ളം ശുദ്ധീകരണ ശുശ്രൂഷയോടുകൂടി എല്ലാ ജലാശയങ്ങളും ശുദ്ധീക്കിക്കപ്പെടുന്നു. ഓശാനദിവസം കുരുത്തോല വാഴ്ത്തപ്പെടുന്നതോടെ എല്ലാ വൃക്ഷലതാതികളും ശുദ്ധീകരിക്കപ്പെടുന്നു. തന്മൂലം നമ്മുടെ പ്രധാനപ്പെട്ട ശുശ്രൂഷകളെല്ലാം പരിസ്ഥിതി പ്രശ്നങ്ങളുമായി ബന്ധപ്പെട്ടിട്ടുള്ളതാണ് എന്നുള്ള അവബോധം വിശ്വാസികൾക്ക് ഉണ്ടായിരിക്കണം.

### ദനഹായ്ക്കുശേഷം ഒന്നാം ഞായർ

**വേദഭാഗം വി.മത്തായി 4:12-22**

ഈ വേദഭാഗം യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷ ആരംഭിച്ചു തന്റെ ദൗത്യം നിറവേറ്റുന്നതിന്റെ തുടക്കമാണ്. വലിയ ഒരുക്കമാണ് കർത്താവ് അതിനുവേണ്ടി നടത്തിയത്. താൻ നാൽപത് ദിവസത്തെ ഉപവാസത്തോടും പ്രാർത്ഥനയോടുംകൂടി ഈ ദിവസങ്ങളിൽ മരുഭൂമിയിൽ നോമ്പ് അനുഷ്ഠിച്ചു. നോമ്പിന്റെ അവസാനത്തിൽ പിശാചു തന്നെ പരീക്ഷിച്ചു. ജഢമോഹം, കൺമോഹം, ജീവനത്തിന്റെ പ്രതാപം ഈ വിഷയങ്ങളിൽ താൻ പരീക്ഷിക്കപ്പെട്ടു. പരീക്ഷകളിലെല്ലാം വിജയശ്രീലാളിതനായി തന്റെ പ്രതിയോഗിയായ പിശാചിനെ തോൽപിച്ച് ഓടിച്ചു. ദൈവപുത്രനായ യേശുക്രിസ്തുവിനെ പരീക്ഷിച്ചു പരാജയപ്പെടുത്തുവാൻ ശ്രമിച്ച പിശാച് ബലഹീനരായ നമ്മെ ഏതെല്ലാം വിധത്തിൽ പരാജയപ്പെടുത്തി മുന്നേറുകയാണ്. പച്ചമരത്തോട് ഇങ്ങനെയെങ്കിൽ ഉണങ്ങിയതിനോട് എത്രയധികം എന്ന കർത്തൃവചനം സദാ നമ്മെ ഭരിക്കുമെങ്കിൽ നാം ജാഗ്രത ഉള്ളവരും ഉണർവ്വുള്ളവരും ആയിരിക്കും. നമ്മുടെ ജീവിതചര്യകളിൽ ആലസ്യമുണ്ടായാൽ അതിനെ അതിജീവിക്കുന്നതിനാണ് നോമ്പും ഉപവാസവും പ്രാർത്ഥനയും പരിശുദ്ധസഭയിൽ ക്രമീകരിച്ചിരിക്കുന്നത്.

യോഹന്നാൻ സ്നാപകന്റെ പ്രസംഗത്തിന്റെ ചുവടുപിടിച്ചുകൊണ്ടാണ് കർത്താവും തന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നത്. വിഷയം മാനസാന്തരമാണ്. സർപ്പസന്തതികളെ എന്ന സംബോധന സ്നാപകയോഹന്നാനിൽനിന്ന് ജനം കേൾക്കെയാണ്. മാനസാന്തരത്തിന്റെ അനുഭവത്തിലേക്ക് വരുന്നില്ലായെങ്കിൽ ദൈവകോപം ജനതയെ ഉന്മൂലനം ചെയ്യുമെന്ന് വ്യക്തമായും ധൈര്യമായും പറയുവാൻ യോഹന്നാൻ സ്നാപകന് സാധിച്ചു. രാജാവിനു നേരെ കൈചൂണ്ടി നീ ചെയ്യുന്നത് അധർമ്മമാണെന്നു പറയുവാൻ ത്രീയേക ദൈവത്തിൽനിന്നും തനിക്ക് ലഭിച്ചു. നീതിയായി പ്രവർത്തിക്കുകയും അനീതിയോട് യാതൊരു വിട്ടുവീഴ്ചയും ഇല്ലാതെ ജീവിപ്പാൻ ആ അമാനുഷന് സാധിച്ചു.

കർത്താവ് പരസ്യശുശ്രൂഷ ആരംഭിക്കുമ്പോൾ പ്രായം മുപ്പതുവയസ്സുമാത്രം. കർത്താവിന്റെ പ്രസംഗവിഷയം സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടുവിൻ എന്നുള്ളതായിരുന്നു. അത് ലോകമൊക്കെയും പ്രചരിപ്പിക്കാൻ താൻ പന്ത്രണ്ടുപേരെ തെരഞ്ഞെടുത്തു അവർക്ക് ശ്ലീഹന്മാർ എന്നു പേരു നൽകി. തന്റെ ദൗത്യം വിജയിപ്പിക്കുന്നതിന് അവരെ മൂന്നരവർഷം തന്റെകൂടെ നിർത്തി അഭ്യസിപ്പിച്ചു. താൻ വിളിച്ചുചേർത്തവരെല്ലാം അപ്പനെയും അമ്മയെയും കുടുംബത്തെയും തൊഴിലിനെയും എല്ലാം ഉപേക്ഷിച്ച് തന്റെ പിന്നാലെ കൂടി. മത്സ്യം പിടിക്കുന്നവരെ മനുഷ്യരെ പിടിക്കുന്നവരാക്കാം എന്നുള്ള ആഹ്വാനം അവർ ദൈവാത്മപ്രേഷിതരായി സന്തോഷത്തോടെ സ്വീകരിച്ചു. ദൈവരാജ്യപ്രചരണത്തിനും ആത്മാക്കളെ നേടിയെടുക്കുന്നതിനുമുള്ള തീഷ്ണമായ ആഗ്രഹവും പ്രവർത്തനശൈലിയും അവർ ഗുരുവിൽനിന്ന് നേടിയെടുത്തു. പന്ത്രണ്ട് സിംഹാസനങ്ങളിൽ ഇരുന്നുകൊണ്ട് യിസ്രായേലിലെ പന്ത്രണ്ട് ഗോത്രങ്ങളെയും ന്യായം വിധിക്കുവാനുള്ള അവകാശവും അധികാരവും കർത്താവ് അവർക്ക് നൽകി. കർത്താവിന്റെ കുരിശുമരണവും ഉയർപ്പും സ്വർഗ്ഗാരോഹണവും അവരെ കർമ്മോന്മുഖരാക്കി. ലോകത്തെ കീഴ്മേൽ മറിക്കുവാനുള്ള ശക്തിയോടുകൂടി കർത്താവിന്റെ വേല അവർ തുടർന്നു. പ.സഭയിൽ ഇന്നും ആ വേല തുടർന്നുകൊണ്ടേയിരിക്കുന്നു. ആ ശുശ്രൂഷയിൽ പാപികളായ നമുക്കും പങ്കുചേർന്ന് നല്ലവനും വിശ്വസ്തനുമായ ദാസാ എന്ന സന്തോഷകരമായ ശബ്ദം കേൾക്കുവാൻ കർത്താവ് നമ്മെയും പ്രാപ്തരാക്കണമെ എന്ന് പ്രാർത്ഥിക്കാം.

### ദനഹായ്ക്കുശേഷം രണ്ടാം ഞായർ

**വി.യോഹന്നാൻ 1:43-51**

കർത്താവിന്റെ പരസ്യശുശ്രൂഷയുടെ ആരംഭത്തിൽ എന്നെ അനുഗമിക്കുക എന്ന ആഹ്വാനം നൽകിക്കൊണ്ട് അനുഗാമികളെ വിളിച്ചുചേർത്തുകൊണ്ടിരുന്നു. കർത്താവ് യാത്രയിൽ ഫിലിപ്പോസിനെ കണ്ട് എന്നെ അനുഗമിക്കുക എന്നു പറഞ്ഞു. ഫിലിപ്പോസ് ആ വിളി സ്വീകരിച്ചു. സ്നേഹിതനായ നഥാനിയേലിനെ കൂടെകൂട്ടി ഒന്നിച്ചു കർത്താവിന്റെ സന്നിധിയിലേക്ക് ചെന്നു. മറ്റുള്ളവരെ കൂടെ കർത്താവിന്റെ സന്നിധിയിലേക്ക് അതായത് ദേവാലയത്തിലേക്കും ആരാധനയിലേക്കും നന്മയിലേക്കും കൊണ്ടുചെല്ലുവാനുള്ള ചുമതല നമുക്ക് ഓരോരുത്തർക്കും ഉണ്ടെന്ന് ഇതിൽനിന്ന് മനസ്സിലാക്കുന്നതുകൊള്ളാം. നഥാനിയേലിനെ ക്ഷണിച്ചത് നസ്രേത്തിൽനിന്നും ഉത്ഭവിച്ച നന്മ വന്നുകാണുന്നതിനുള്ള അവസരമാണ് ഫിലിപ്പോസ് ഒരുക്കിയത്. നഥാനിയേൽ ആശ്ചര്യത്തോടെ ചോദിക്കുന്ന ചോദ്യം ശ്രദ്ധിക്കേണ്ടതാണ്. നസ്രേത്തിൽനിന്ന് വല്ല നന്മയും വരുമോ എന്നാണ്. അതിനുള്ള മറുപടി നീ വന്ന് കാണുക എന്നു മാത്രം. ക്രിസ്തുവിനെ നേരിട്ടുകണ്ട് അറിയുന്നതിനുവേണ്ടിയുള്ള വിളിയാണ് ഇവിടെ നടന്നത്. വിളിയും തെരഞ്ഞെടുപ്പും അത് ലഭിച്ചവരുടെ മനസ്ഥിതി അനുസരിച്ച് നന്മയോ തിന്മയോ ലഭിക്കും. വിളി സ്വീകരിക്കുകയും അതിനനുസരിച്ച് ജീവിക്കുകയും ചെയ്തില്ലായെങ്കിൽ ശിംശോന്റെ അനുഭവത്തിലേക്ക് നാമും വീണുപോയേക്കാം.

കർത്താവ് നഥാനിയേലിനെ കണ്ടപ്പോൾത്തന്നെ പ്രതികരിച്ചത് ഇതാ സാക്ഷാൽ യിസ്രായേല്യൻ. എത്ര ശ്രേഷ്ഠമായ സാക്ഷ്യം. ഈ സാക്ഷ്യം പലതിലും അഭിമാനിക്കുന്ന നമുക്ക് കിട്ടുമോ. ഇവനിൽ കപടം ഇല്ലായെന്ന പ്രസ്താവന അന്തരീന്ദ്രിയങ്ങളെ പരിശോധിച്ച് അറിയുന്ന ക്രിസ്തുവിന്റെ തിരുസന്നിധിയിൽ നാം എത്ര നിസ്സാരന്മാരാണെന്നും നഥാനിയേലിനെ എത്ര ശ്രേഷ്ഠനാണെന്നും നമുക്ക് അറിയാൻ കഴിയും. ദൈവാശ്രയബോധം മുൻനിർത്തി ദൈവത്തിൽ ശരണപ്പെട്ട് ഹൃദയവിശുദ്ധിയോടെ നഥാനിയേൽ ജീവിച്ചതിന്റെ സാക്ഷ്യമാണ് കർത്താവ് നൽകിയത്. യഹൂദമതത്തിലെ തത്വങ്ങളും ആചാരാനുഷ്ഠാനങ്ങളും സംശയംകൂടാതെ നഥാനിയേൽ സ്വീകരിച്ചു. അതനുസരിച്ച് ജീവിച്ചു. യഹൂദ റാബിമാരും ഗുരുക്കന്മാരും വേദം പഠിക്കയും ധ്യാനിക്കുകയും ചെയ്തിരുന്നത് ഇതുപോലെയുള്ള വൃക്ഷങ്ങളുടെ ചുവട്ടിൽ ഇരുന്നുകൊണ്ടായിരുന്നു. നമുക്ക് സ്വന്തം വീട്ടിലോ നമ്മുടെ പള്ളിയിലോ നാം വ്യാപരിക്കുന്ന ഏതു രംഗത്തുമോ ഈ സ്വഭാവം പിന്തുടരാൻ സാധിച്ചിട്ടുണ്ടോ. അങ്ങനെ ആകാൻ ആഗ്രഹിച്ചിട്ടുമുണ്ടോ. ഇല്ലായെന്ന സത്യം പകൽപോലെ വ്യക്തമാണല്ലോ.

നഥാനിയേൽ എന്ന പേരിന്റെ അർത്ഥം ദൈവത്തിന്റെ ദാനം എന്നാണ്. ഓരോ ക്രിസ്ത്തീയ പേരിനും അതതിന്റെ അർത്ഥമുണ്ട്. ഇന്ന് അത് ചിന്തിക്കുന്നവരോ അറിയാവുന്നവരോ എത്ര ചുരുക്കം. ദൈവസന്നിധിയിൽ നല്ല സാക്ഷ്യം കേൾക്കുന്ന ഭാഗ്യകരമായ അവസ്ഥ എത്രയോ ഹൃദ്യമാണ്. അത്തിയുടെ ചുവട്ടിലെ അവസ്ഥയിൽനിന്നും ദൈവരാജ്യത്തിന്റെ പൂർണ്ണതയിലേക്ക് ഉയരുന്ന മനോഹരമായ അനുഭവം. അങ്ങനെ ദൈവമനുഷ്യരായി തീരുമ്പോൾ സ്വർഗ്ഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രന്റെ അടുക്കൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്ത അനുഭവം ഗോത്രപിതാവായ യാക്കോബ് കണ്ടതുപോലെ നമുക്കും അനുഭവപ്പെടും. ഉത്തമവും ശ്രേഷ്ഠവുമായ ആരാധനാജീവിതത്തിന്റെ പ്രത്യേകതയാണ് ദൈവീക സംസർഗ്ഗവും ദൈവദൂതന്മാരുടെ സാന്നിധ്യവും അനുഭവിച്ചറിയുക എന്നുള്ളത്. എബ്രായ 12:22-24 പിന്നെയോ സീയോൻ പർവ്വതത്തിനും ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയ യെരുശലേമിനും അനേകായിരം ദൂതന്മാരുടെ സർവ്വസംഗത്തിനും സ്വർഗ്ഗത്തിൽ പേരെഴുതിയിരിക്കുന്ന ആദ്യജാതന്മാരുടെ സഭയ്ക്കും എല്ലാവരുടെയും ദൈവമായ ന്യായാധിപതിക്കും സിദ്ധന്മാരായ നീതിമാന്മാരുടെ ആത്മാക്കൾക്കും പുതുനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിനും ഹാബേലിന്റെ രക്തത്തേക്കാൾ ഗുണകരമായി സംസാരിക്കുന്ന പുണ്യാഹ രക്തത്തിനും അടുക്കലേക്കത്രെ നിങ്ങൾ വന്നിരിക്കുന്നത്.

ഈ കൂടിവരവ് അനുഗ്രഹപ്രദമാകണമെങ്കിൽ ഇന്നത്തെ കുടുംബ സന്യസ്ത ഭവനങ്ങളുടെ പശ്ചാത്തലം സമൂലം മാറിവരണം. സമ്പത്തും സമൃദ്ധിയും ഐശ്വര്യവും തമ്പുരാൻ ലോഭമില്ലാതെ നമുക്കും നൽകിയിരിക്കുന്നു. നഥാനിയേലിന്റെ അനുഭവത്തിലേക്ക് നാം വളരണം. ഉത്തമഗീതം 2:15 ഞങ്ങളുടെ മുന്തിരിതോട്ടങ്ങൾ പൂത്തിരിക്കുകയാൽ മുന്തിരിവള്ളി നശിപ്പിക്കുന്ന കുറുക്കന്മാരെ, ചെറുകുറുക്കന്മാരെതന്നെ പിടിച്ചുതരുവിൻ. നന്മയുടെ അനുഭവം നമുക്കുണ്ടാകുവാൻ പ്രാർത്ഥിക്കാം.

# ഭാരതസഭകളുടെ പുനരൈക്യമാണ് കാതോലിക്കേറ്റിന്റെ പരമപ്രധാനമായ ദൗത്യം.....പേജ് 1–ൽനിന്ന്

തുല്യസ്ഥാനങ്ങളാണ്.

### പേർഷ്യയിലെ കാതോലിക്കാ പരമാധികാരി

രണ്ടാമത് കാതോലിക്കാ സ്ഥാനം ഏറ്റവും കൂടുതൽ വളർച്ച പ്രാപിച്ച ഒരു സഭയാണ് പേർഷ്യൻ സഭ. പേർഷ്യൻ സഭ എന്ന പേരിൽ അറിയപ്പെടുന്ന സഭ പുരാതന പേർഷ്യൻ സാമ്രാജ്യത്തിൽ അതായത് ഇന്നത്തെ ഇറാൻ ഇറാഖ് തുടങ്ങിയ ഭൂപ്രദേശത്ത് ഉണ്ടായിരുന്ന സഭയാണ്.

ആ സഭയിൽ ഒരു കാതോലിക്കാ സ്ഥാനം ഉണ്ടായി. അത് അവിടുത്തെ പരമാധികാര സ്ഥാനമായിരുന്നു. അഞ്ചാം നൂറ്റാണ്ടിൽ പേർഷ്യൻ സഭയിൽ കൂടിയ ചില സുന്നഹദോസുകൾ കാതോലിക്കായുടെ അധികാരാവകാശങ്ങളേക്കുറിച്ച് നിശ്ചയങ്ങൾ ചെയ്യുകയും കാനോനുകളും വ്യവസ്ഥകളും ഒക്കെ ഉണ്ടാക്കുകയും ചെയ്യുന്നുണ്ട്. 424, 484, 486 തുടങ്ങിയ വർഷങ്ങളിൽ പേർഷ്യൻ സഭയിൽ കൂടിയ പല സുന്നഹദോസുകളും ഇതിനേക്കുറിച്ച് പറയുന്നുണ്ട്. അതിൽ ഒരു സുന്നഹദോസ് തീരുമാനം ഇങ്ങനെയാണ്. പേർഷ്യയിൽ ഒത്തിരി മെത്രാച്ചന്മാരുണ്ടായിരുന്നു. ചിലപ്പോഴൊക്കെ അവർ തമ്മിൽ തർക്കവും അവരേക്കുറിച്ച് പരാതികളും ഉണ്ടായിട്ടുണ്ട്. പേർഷ്യൻ സുന്നഹദോസ് തീരുമാനിച്ചിരിക്കുന്നത് ഇപ്രകാരമാണ്. മെത്രാച്ചന്മാരുടെ ഇടയിൽ എന്തെങ്കിലും തർക്കമുണ്ടെങ്കിൽ അത് കാതോലിക്കോസിന്റെ അടുക്കൽ വന്ന് കാതോലിക്കോസ് തീരുമാനിക്കുകയും പരിഹരിക്കുകയും ചെയ്യണം. എന്നാൽ കാതോലിക്കോസിനെതിരായി ആർക്കെങ്കിലും എന്തെങ്കിലും പരാതിയുണ്ടെങ്കിൽ അത് ദൈവത്തിന്റെ കോടതിയിൽ മാത്രമെ പരിഹരിക്കുവാൻ സാധിക്കുകയുള്ളു.

അതായത് കാതോലിക്കോസ് ഭൂമിയിൽ ആരുടേയും കീഴ്സ്ഥാനിയല്ല. കാതോലിക്കോസിനെതിരായി ആർക്കും തീരുമാനം എടുക്കുവാനും സാദ്ധ്യമല്ല. ഈ കാതോലിക്കാ സ്ഥാനം തന്നെയാണ് മലങ്കരസഭയുടെ കാതോലിക്കാ സ്ഥാനം. അത് പരിപൂർണ്ണ സ്വതന്ത്രമായ ഒരു സ്ഥാനമാണ്. ആ സ്ഥാനം ഉൾക്കൊള്ളുന്ന മലങ്കരസഭയും പരിപൂർണ്ണ സ്വതന്ത്രമാണ്. സ്വതന്ത്ര സഭയാണ്. പാത്രിയർക്കീസന്മാരും, കാതോലിക്കാമാരും, മാർപാപ്പായുമൊക്കെ അതത് സഭകളുടെ സ്വതന്ത്ര തലവന്മാരാണ്. അവരാരും ആരുടേയും കീഴിവോ, മുകളിലോ അല്ല. ലോകത്ത് പത്തിരുപതോളം ഓർത്തഡോക്സ് സഭകളുണ്ട്. അവയുടെയൊക്കെ തലവന്മാരായി പാത്രിയർക്കീസന്മാരോ, കാതോലിക്കാമാരോ ഉണ്ട്. അവരെല്ലാം പൂർണ്ണ സ്വതന്ത്ര സഭാതലവന്മാരാണ്. വ്യത്യസ്ത കാലഘട്ടങ്ങളിൽ അതായത് 4–5 –8–15–18–20 നൂറ്റാണ്ടുകളിലൊക്കെയാണ് ഇവിടെയൊക്കെ ഇങ്ങനെ സ്വതന്ത്രസഭാതലവന്മാരുണ്ടായിട്ടുള്ളത്. ഇതൊക്കെ പൗരാണിക, അപ്പോസ്തോലിക സഭകളാണ്. അപ്പോസ്തോലിക ഉപദേശവും, പഠിപ്പിക്കലുകളും, ഓർത്തഡോക്സ് വിശ്വാസവും കാത്തുസൂക്ഷിക്കുന്ന സഭകളാണ്. ആ സഭകൾക്കൊക്കെ പരിപൂർണ്ണ സ്വതന്ത്രതലവന്മാരുണ്ട്. അവരുടെ കാലശേഷം അതതുസഭകൾ അവരുടെ തലവന്മാരെ തെരഞ്ഞെടുത്തു വാഴിക്കുന്നു. അതിന് ആരുടേയും സമ്മതവും അനുവാദവും ഈ സഭകളൊന്നും കാത്തിരിക്കുന്നല്ല. മലങ്കരസഭയുടെ കാതോലിക്കായും ഇതുപോലെ പരിപൂർണ്ണ സ്വതന്ത്രമായ കാതോലിക്കായാണ്.

ഇതോടൊപ്പം ചിന്തിക്കേണ്ട വേറൊരു കാര്യമാണ് മഫ്രിയാനാ സ്ഥാനം

പേർഷ്യയിലെ ഔദ്യോഗിക സഭയുമായി ചേരാതിരുന്ന ഒരു വിഭാഗം ആളുകൾ പേർഷ്യൻ സാമ്രാജ്യത്തിൽ താമസിക്കുന്നുണ്ടായിരുന്നു. അവർ അന്ത്യോഖ്യൻ സഭാംഗങ്ങളും അന്ത്യോക്യൻ പാത്രിയർക്കീസുമായി ബന്ധമുള്ളവരും ആയിരുന്നു. അവരിൽ ഭൂരിഭാഗവും റോമാസാമ്രാജ്യത്തിന്റെ കിഴക്കു ഭാഗത്തുനിന്ന് (അന്ത്യോഖ്യാ ഉൾപ്പെട്ടിരുന്ന സിറിയൻ പ്രവിശ്യയിൽ നിന്ന്) പേർഷ്യൻ രാജാക്കന്മാർ യുദ്ധത്തിൽ പിടിച്ചുകൊണ്ടുവന്ന തടവുകാരോ അടിമകളോ ആയിരുന്നു. അവർ അന്ത്യോഖ്യൻ സഭയോടുള്ള വിധേയത്വത്തിൽ നിലനിൽക്കുകയും കാലക്രമേണ അവരുടെ സംഖ്യ വർദ്ധിക്കുകയും ചെയ്തു. എ.ഡി.550നോടടുത്ത് യാക്കോബ് ബുർദ്ദാന പേർഷ്യയിൽ പ്രവർത്തിച്ച് അന്ത്യോഖ്യൻ അനുഭാവികളെ സംഘടിപ്പിച്ച് അവർക്കുവേണ്ടി ഒരു മെത്രാപ്പോലീത്തായെ വാഴിച്ചു. ഈ മെത്രാപ്പോലീത്താ സ്ഥാനമാണ് പിൽക്കാലത്ത് മഫ്രിയാന എന്നറിയപ്പെടുന്നത്.

പേർഷ്യയിൽ ജീവിച്ചിരുന്ന അന്ത്യോഖ്യൻ സഭാംഗങ്ങൾ ഒരു വലിയ മെത്രാസനമാക്കി അന്ത്യോഖ്യൻ പാത്രിയർക്കീസിന്റെ കീഴിൽ സംഘടിപ്പിച്ചപ്പോൾ അവരുടെ കാര്യങ്ങൾ നോക്കാൻ വേണ്ടി അത്താനാസ്യോസ് ഗാമോല എന്ന അന്ത്യോഖ്യൻ പാത്രിയർക്കീസ് ഈ വലിയ മെത്രാപ്പോലീത്തയെ ചുമതലപ്പെടുത്തി അനുവാദ കല്പന കൊടുത്തു. അങ്ങനെ നിയമിതനായ ആദ്യത്തെ വലിയ മെത്രാപ്പോലീത്താ അഥവാ മഫ്രിയാന മാർ മറുഥാ (മോറുസോ 629–649) ആയിരുന്നു.

അന്ത്യോഖ്യൻ സഭയുടെ സുന്നഹദോസ് തീരുമാനത്തെ അടിസ്ഥാനമാക്കി പാത്രിയർക്കീസിന്റെ ആലോചനപ്രകാരമാണ് പേർഷ്യയിൽ മഫ്രിയാനാ സ്ഥാനം ഉണ്ടാകുന്നത്. മഫ്രിയാനാ സ്ഥാനം പൂർണ്ണമായും പാത്രിയർക്കീസിന് വിധേയമാണ്. മഫ്രിയാനാ പാത്രിയർക്കീസിന്റെ കീഴ്സ്ഥാനിയുമാണ്. രാഷ്ട്രീയമായ കാരണങ്ങളാൽ തന്നെ ദയർ അസ് –സഫറാനിൽ വച്ച് 1860 –ൽ യാക്കോബ് രണ്ടാമൻ (1871)എന്ന യാക്കോബായ പാത്രിയർക്കീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ 17 മെത്രാൻമാരുടെ സുന്നഹദോസ് മഫ്രിയാനാ സ്ഥാനം നിർത്തലാക്കി.

### മലങ്കരയിലെ കാതോലിക്കേറ്റ് പിതാക്കന്മാരുടെ പോരാട്ടത്തിന്റെ ഫലം

മൂന്നാമത് മലങ്കരസഭയിലെ കാര്യം. കർത്താവിന്റെ ശിഷ്യനായ പ.മാർത്തോമ്മാ ശ്ലീഹാ മലങ്കരയിൽ വന്നു സഭ സ്ഥാപിച്ചു. അദ്ദേഹം പ്രധാനമായും നാലു ബ്രാഹ്മണ കുടുംബങ്ങളിൽനിന്നും പുരോഹിതന്മാരെ നിയമിച്ചു എന്ന് വിശ്വസിക്കപ്പെടുന്നു. അതിൽ പകലോമറ്റം കുടുംബത്തിൽപെട്ട അർക്കദിയാക്കോൻ ആയിരുന്നു സഭയുടെ ഭരണകർത്താവ്. നാലാം നൂറ്റാണ്ടിനു ശേഷം പേർഷ്യയിൽനിന്നു ഇവിടേക്കു ബിഷപ്പന്മാർ പലരും വന്നിരുന്നു. എങ്കിലും ഇവിടുത്തെ അർക്കദിയാക്കോനായിരുന്നു പ്രധാന ഭരണകർത്താവ്. പതിനാറാം നൂറ്റാണ്ടിൽ ഇവിടെ വന്ന റോമാക്കാർ അർക്കദിയാക്കോന്റെ അധികാരങ്ങൾ എടുത്ത് കളഞ്ഞ് തൽസ്ഥാനത്ത് റോമാക്കാരനായ ഒരു ബിഷപ്പിനെ പ്രതിഷ്ഠിക്കുവാൻ ഒരുങ്ങി. നമ്മുടെ പിതാക്കന്മാർ അതിനെ എതിർത്തു മാത്രമല്ല അവർ അർക്കദിയാക്കോനെ മെത്രാൻസ്ഥാനത്തേക്കുയർത്തി. മാർത്തോമ്മാ ഒന്നാമൻ തുടങ്ങി അങ്ങനെ പകലോമറ്റം കുടുംബത്തിലെ മെത്രാന്മാരുണ്ടായി. മലങ്കരസഭയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകവും സ്വാതന്ത്ര്യസംരക്ഷകരുമായിരുന്നു ഈ മാർത്തോമ്മാ മെത്രാന്മാർ.

റോമാക്കാരെ എതിരെ പോരാടുവാൻ മങ്കരസഭ അന്ത്യോഖ്യൻ സഭയുടെ സഹായം അഭ്യർത്ഥിച്ചു. 1665ൽ അന്ത്യോഖ്യൻ സഭയുടെ യറുശലേമിലെ ഗ്രീഗോറിയോസ് മലങ്കരയിലെത്തി. മാർത്തോമ്മാ ഒന്നാമന്റെ സ്ഥാനം സ്ഥിരീകരിച്ചു. അഥവാ മാർത്തോമ്മാ ഒന്നാമനെ മെത്രാപ്പോലീത്താ സ്ഥാനത്തേക്കുയർത്തി. അദ്ദേഹവും മാർത്തോമ്മാ ഒന്നാമനും ചേർന്ന് മാർത്തോമ്മാ രണ്ടാമനെ വാഴിച്ചു. അതിനു ശേഷം 18,19 നൂറ്റാണ്ടുകളിൽ 7–8 മെത്രാന്മാർ അന്ത്യോഖ്യൻ സഭയിൽനിന്ന് മലങ്കരയിൽ വന്നു. അങ്ങനെ വന്ന മെത്രാന്മാരിൽ പലരും ഇവിടെ അധികാരം സ്ഥാപിക്കുവാൻ ശ്രമിച്ചു. നമ്മുടെ പിതാക്കന്മാർ അതിനെ എതിർത്തു. എന്നാൽ ഇടയ്ക്കൊക്കെ അവിടെനിന്ന് മെത്രാന്മാർ ഇവിടെ വന്നുകൊണ്ടിരുന്നു. 19–ാം നൂറ്റാണ്ടിന്റെ പകുതിയോടെ ഇതിനു മാറ്റമുണ്ടാകുന്നു.

സി.എം.എസ്. മിഷണറിമാരും ഇംഗ്ലീഷുകാരും ഒക്കെ ഇവിടെ വന്ന പശ്ചാത്തലത്തിൽ അവരെ അനുകൂലിക്കുന്നവരും ഏതിർക്കുന്നവരും അന്ത്യോഖ്യക്കാരെ അനുകൂലിക്കുന്നവരും എതിർക്കുന്നവരുമൊക്കെയായി മലങ്കരസഭയിൽ 4–5 വ്യത്യസ്ത ഗ്രൂപ്പുകൾ ഉണ്ടാകുന്നു.

ഇങ്ങനെ അവിടെ ഒരു ഭിന്നത ഉണ്ടായപ്പോൾ ദീർഘകാലമായി ഇവിടെ പ്രത്യക്ഷമായി ഇടപെടുവാൻ അവസരം പാർത്തിരുന്ന പാത്രിയർക്കീസിന് അതിനുള്ള അവസരം ലഭിച്ചു. ഇവിടെയുണ്ടായിരുന്ന ഒരു ഗ്രൂപ്പിന്റെ തലവനായ പാലക്കുന്നത്ത് ഏബ്രഹാം മല്പാന്റെ അനന്തിരവൻ മാത്യൂസ് ശെമ്മാശ്ശൻ പാത്രിയർക്കീസിന്റെ അടുക്കൽപോയി പട്ടമേറ്റു. മലങ്കരഭയിൽനിന്ന് ഒരാൾ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ അടുക്കൽപോയി പാത്രിയർക്കീസിൽനിന്നു നേരിട്ട് പട്ടമേൽക്കുന്നത് ഇതാദ്യമായാണ്. അതോടുകൂടി അതായത് 1850ഓടു കൂടി അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ നേരിട്ടുള്ള ഇടപെടൽ മലങ്കരസഭാ കാര്യത്തിലണ്ടായി. 25 വർഷത്തിനകം അതായത് 1876–ലെ മുളന്തുരുത്തി സുന്നഹദോസിനോടുകൂടി പാത്രിയർക്കീസിന്റെ അധികാരം മലങ്കരസഭയിൽ സ്ഥാപിതമായി. ഇതിനെതിരെ മലങ്കരസഭ പത്തിരുപതു വർഷം ശക്തമായി പ്രതികരിക്കുകയും പോരാടുകയും മലങ്കരയിൽ കാതോലിക്കേറ്റ് സ്ഥാപിതമാകുകയും ചെയ്തു. പാത്രിയർക്കീസിന്റെ പൂർണ്ണ അധികാരം അംഗീകരിച്ചുകൊണ്ട് പള്ളികളും മേൽപട്ടക്കാരും രജിസ്ട്രേഡ് ഉടമ്പടികൾ എഴുതിക്കൊടുക്കണമെന്നും പാത്രിയർക്കീസിന്റെ പരമാധികാരത്തിന് പൂർണ്ണമായും വിധേയപ്പെടണമെന്നും പാത്രിയർക്കീസിന്റെ കല്പനകൾ വിട്ട് ഇടത്തോട്ടോ വലത്തോട്ടോ മാറരുതെന്നും ശക്തമായ കല്പനകളുണ്ടായപ്പോൾ അതിനെതിരായി ഉണ്ടായ മലങ്കരസഭയുടെ പ്രതികരണമായിരുന്നു കാതോലിക്കേറ്റ് സ്ഥാപനം.

### ഉപസംഹാരം

കാതോലിക്കേറ്റ് സ്ഥാപനത്തിന്റെ സാഹചര്യങ്ങളെക്കുറിച്ച് പ്രത്യേകമായി പരാമർശിക്കുവാൻ ഇപ്പോൾ ആഗ്രഹക്കുന്നില്ല. എന്നാൽ ഇപ്പോൾ പ്രത്യേകമായി പറയുവാനാഗ്രഹിക്കുന്നത് കാതോലിക്കേറ്റിന്റെ ഇപ്പോഴത്തെ പ്രസക്തിയെക്കുറിച്ചാണ്. അത് ഇന്നാട്ടിൽ ഭാരതത്തിൽ നിലനിൽക്കേണ്ടതിന്റെ ആവശ്യകതയേക്കുറിച്ചാണ്. ഭാരതത്തിലെ പുരാതന ക്രിസ്ത്യാനികൾ മാർത്തോമ്മാ ശ്ലീഹായുടെ മക്കളാണ് എന്നാൽ ഇന്ന് അവർ ഭിന്നിച്ച് പല സഭകളിലായാണ് നിൽക്കുന്നത്. ഈ ഭിന്നതകൾ അവസാനിപ്പിച്ച് ഭാരതത്തിലെ ക്രിസ്ത്യാനികളെ ഐക്യത്തിലേക്ക് കൊണ്ടുവരേണ്ട ചുമതല കാതോലിക്കേറ്റിനുണ്ട്. മഹത്തായ ആ ദൗത്യം കാതോലിക്കേറ്റ് ഏറ്റെടുക്കണം.

റോമിലും, അന്ത്യോഖ്യയിലും, ഇംഗ്ലണ്ടിലുമുള്ള വിദേശസഭകൾക്കുവേണ്ടി അവരുടെയൊക്കെ പക്ഷം പിടിച്ച് മലങ്കരസഭാമക്കൾ ഭിന്നിക്കുന്നു, തമ്മിലടിക്കുന്നു. ഈ അടി അവസാനിപ്പിക്കണം. വിദേശികൾക്കുവേണ്ടി, അവരുടെ വിശ്വാസങ്ങൾക്കുവേണ്ടി, അവരുടെ അധികാരങ്ങൾ സ്ഥാപിക്കുവാൻ വേണ്ടി, അവർ നമ്മളെ തമ്മിൽ അടിപ്പിക്കുന്നു. നമ്മുടെ മാംസത്തിൽനിന്നുള്ള മാംസവും രക്തത്തിൽനിന്നുള്ള രക്തവുമായ നമ്മുടെ സഹോദരങ്ങൾ അന്ത്യോഖ്യയിലോ, റോമിലോ, അലക്സാന്ത്ര്യയിലോ അല്ല. ഇന്നാട്ടിൽതന്നെയാണ്. നമ്മുടെ കൂട്ടത്തിലും നമ്മുടെ ഇടയിലുമാണവർ ജീവിക്കുന്നത്. ഇതു മനസ്സിലാക്കുവാനുള്ള ബോധം ഭിന്നിച്ചുനിൽക്കുന്ന മലങ്കരസഭയുടെ വിവിധ വിഭാഗങ്ങൾക്കുണ്ടാവണം. അത് മനസ്സിലാക്കി കൊടുത്ത് ഇവിടുത്തെ സഭകളെ സ്നേഹത്തിലേക്കും സഹകരണത്തിലേക്കും ഐക്യത്തിലേക്കും കൊണ്ടുവരുവാൻ കാതോലിക്കേറ്റിനു കഴിയണം. ഒരു ദേശീയ സഭാ അവബോധം മലങ്കരസഭയ്ക്കും, മലങ്കരസഭയിൽനിന്നും ഭിന്നിച്ചു നിൽക്കുന്ന ഇതരസഭാവിഭാഗങ്ങൾക്കും ഉണ്ടാക്കികൊടുക്കുക എന്ന പരമപ്രധാനമായ ദൗത്യം മാർത്തോമ്മാ ക്രിസ്ത്യാനികളുടെ ദേശീയതയുടെയും, പൗരാണികതയുടേയും, അപ്പോസ്തോലികതയുടേയും മാർത്തോമ്മാ പൈതൃകത്തിന്റെയും പ്രതീകമായ കാതോലിക്കേറ്റിനുണ്ട്. വിദേശികളായ മാർപാപ്പായുടേയോ പാത്രിയർക്കീസന്മാരുടേയോ കീഴിലല്ല ഭാരതത്തിന്റെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായുടെ പിൻഗാമിയായ പൗരസ്ത്യ കാതോലിക്കായുടെ കീഴിലാണ് ഭാരതത്തിലെ സഭകൾ പൂർണ്ണ ഐക്യത്തിൽ വരേണ്ടത്.

# പ്രൊഫസർ എം.വൈ.യോഹന്നാന്റെ നേതൃത്വത്തിലുള്ള ക്രിസ്ത്യൻ റിവൈവൽ ഫെലോഷിപ്പ് ഓർത്തഡോക്സ് സഭയ്ക്കകത്തെ മറ്റൊരു സഭയല്ല; യാക്കോബായ വിഭാഗത്തിൽനിന്ന് ആളെ കൂട്ടാനുള്ള നീക്കവുമില്ല

കോലഞ്ചേരി : പ്രൊഫസർ എം.വൈ. യോഹന്നാന്റെ നേതൃത്വത്തിലുള്ള ക്രിസ്ത്യൻ റിവൈവൽ ഫെലോഷിപ്പ് ഒരു സഭയുടെ കീഴിൽ പ്രവർത്തിക്കുന്ന പോഷക സംഘടനയോ ഏതെങ്കിലും ഒരു സഭയുടെ പിന്തുണയോടെ പ്രവർത്തിക്കുന്ന പ്രസ്ഥാനമോ അല്ലെന്ന് ഫെല്ലോഷിപ്പ് ഭാരവാഹികൾ പറഞ്ഞു. വിശ്വാസികളുടെ ആത്മീയ ഉന്നമനം മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു ചാരിറ്റബിൾ ട്രസ്റ്റാണ്. അതിൽ ഓർത്തഡോക്സ്, യാക്കോബായ, ക്നാനായ, കത്തോലിക്കാ, സി.എസ്.ഐ., മാർത്തോമ്മാ മുതലായ പൗരോഹിത്യസഭകളിലെ വിശ്വാസികൾ ചേർന്നു പ്രവർത്തിക്കുന്നുണ്ട്. കേരളത്തിന്റെ എല്ലാ ജില്ലകളിലും കേരളത്തിനു വെളിയിലും ഒട്ടുമിക്ക വിദേശ രാജ്യങ്ങളിലും ഈ ഫെല്ലോഷിപ്പിന്റെ സ്ഥിരയോഗങ്ങൾ നടന്നുവരുന്നുണ്ട്. മദ്യത്തിന്റെയും ലഹരിയുടെയും മയക്കുമരുന്നിന്റെയും പിടിയിൽ അമർന്ന് നൈരാശ്യവും കടക്കെണിയും ആത്മഹത്യാപ്രവണതയും മൂലം ജീവിതം തകർന്ന അനേകായിരക്കണക്കിനുപേരെ സമാധാന ജീവിതത്തിലേക്ക് തിരിച്ചുകൊണ്ടുവരാൻ ഫെല്ലോഷിപ്പിനു കഴിഞ്ഞിട്ടുണ്ടെന്നു കൺവീനർ പ്രൊഫ. സി.എം.മാത്യു അറിയിച്ചു.


ഓർത്തഡോക്സ് സഭയ്ക്കകത്തെ മറ്റൊരു സഭയാണ് ഫെലോഷിപ്പിന്റെ ലക്ഷ്യമെന്ന് ഓർത്തഡോക്സ് നേതൃത്വവും ഓർത്തഡോക്സ് സഭയിലേക്ക് ആളെ കൂട്ടാനുള്ള നീക്കമാണ് ഫെലോഷിപ്പിന്റേതെന്ന യാക്കോബായ നേതൃത്വത്തിന്റെ ആരോപണവും ശരിയല്ലെന്ന് ഫെലോഷിപ്പ് യോഗങ്ങളിൽ പങ്കെടുത്തവർക്ക് മനസ്സിലാക്കാൻ കഴിയുമെന്നു പ്രൊഫ.സി.എം.മാത്യു വ്യക്തമാക്കി.

Vol. 19 Issue 5
January 1-15

MALANKARA SABHA DEEPAM
P.B. 611, KOTTAYAM - 686001
Phone - 0481-2585499, Fax - 0481-2585499

REG.No.42799/98/H6
REGISTERED No. KL/KTM/163/2012-2014
Rs.2
LICENCED TO POST WITHOUT PRE-PAYMENT OF POSTAGE
LIC.NO. KL/CR/KTM/WPP - 30/2012-14

ചിരിവര —— ജോയി കുളനട




# ആഘോഷങ്ങൾ ആർഭാടരഹിതമാക്കണം : പ.കാതോലിക്കാ ബാവാ

കോട്ടയം : ക്രിസ്തുമസ്സും നവവൽസരവും അർത്ഥപൂർണ്ണമാകണമെങ്കിൽ ആർഭാടരഹിതമായി ആചരിക്കണമെന്ന് പ. ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ. ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ നടന്ന കുടുംബസംഗമത്തിൽ ക്രിസ്തുമസ്സ് സന്ദേശം നൽകുകയായിരുന്നു അദ്ദേഹം.

പ്രതിസന്ധികളുടെ നടുവിൽ ജനിച്ച ക്രിസ്തുവിന്റെ ജന്മദിനം ലളിതമായും വിഭവങ്ങൾ ദുർവിനിയോഗം ചെയ്യാതെയും ആചരിക്കണം. ഊർജ്ജപ്രതിസന്ധി ജലക്ഷാമം തുടങ്ങിയ പ്രശ്നങ്ങൾ രൂക്ഷമായിരിക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ക്രിസ്തുവിനെപ്പോലെ വിനയപ്പെടാൻ തയ്യാറാകണമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഫാ.എം.കെ.കുര്യൻ, ഫാ. വർഗീസ് ലാൽ എന്നിവർ പ്രസംഗിച്ചു. മെൽവിൻ ഷിബു ഗാനാലാപനം നടത്തി.

# കുരിശടി കൂദാശയും ഓർമ്മപ്പെരുന്നാളും

ചണ്ഡീഗഡ് : സെന്റ് മേരീസ് ഓർത്തഡോക്സ് ദേവാലയത്തിൽ നിർമ്മിച്ച കൽക്കുരിശിന്റെ കൂദാശാകർമ്മവും ഇടവക മെത്രാപ്പോലീത്താമാരായിരുന്ന ഡോ.പൗലോസ് മാർ ഗ്രിഗോറിയോസ്, ജോബ് മാർ പീലക്സിനോസ് എന്നീ മെത്രാപ്പോലീത്താമാരുടെ ഓർമ്മപ്പെരുന്നാളും ഡിസംബർ 8,9 തീയതികളിലായി നടത്തപ്പെട്ടു. ഡൽഹി ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ ദിമത്രെയോസ് മെത്രാപ്പോലീത്താ മുഖ്യകാർമ്മികത്വം വഹിച്ചു. സ്ഥാനാരോഹണത്തിനുശേഷം ആദ്യമായി ചണ്ഡീഗഡിൽ എത്തുന്ന മെത്രാപ്പോലീത്തായ്ക്ക് ഇടവക ഡിസംബർ 8ന് വികാരി ഫാ.ബിജു പി.തോമസിന്റെ നേതൃത്വത്തിൽ സ്വീകരണം നൽകി.

# രണ്ടാമത് പൗലോസ് മാർ ഗ്രിഗോറിയോസ് മെമ്മോറിയൽ പ്രസംഗമത്സരം

ഗാസിയാബാദ് : ഗാസിയാബാദ് സെന്റ് തോമസ് ഓർത്തഡോക്സ് യുവജനപ്രസ്ഥാനത്തിന്റെ ആഭിമുഖ്യത്തിൽ ഡോ.പൗലോസ് മാർ ഗ്രിഗോറിയോസ് പ്രസംഗമത്സരം ഡിസംബർ 16ന് നടത്തപ്പെട്ടു. സാഹിബാബാദിലെ സെന്റ് തോമസ് ഓർത്തഡോക്സ് ദേവാലയത്തിൽവെച്ച് നടത്തപ്പെട്ട പ്രസംഗമത്സരം ഡൽഹി ഭദ്രാസനാധിപൻ യൂഹാനോൻ മാർ ദിമെത്രയോസ് മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളിൽനിന്ന് മത്സരാർത്ഥികൾ പങ്കെടുത്തു. യൂണിറ്റ് പ്രസിഡന്റ് ഫാ.സജി യോഹന്നാൻ, സെക്രട്ടറി മാത്യു കുറിയാക്കോസ് തുടങ്ങിയവർ നേതൃത്വം നൽകി.

# സത്യവേദപുസ്തകത്തിന്റെ പുതിയനിയമ കയ്യെഴുത്തുപ്രതി പ്രകാശനം ചെയ്തു

തിരുവനന്തപുരം : ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ 1910-ൽ ആദ്യമായി പ്രസിദ്ധീകരിച്ചതും ഇപ്പോൾ പ്രചാരത്തിൽ ഇരിക്കുന്നതുമായ മലയാള സത്യവേദപുസ്തകത്തിന്റെ അതേ ലിപിയും അക്ഷര വലിപ്പത്തിലും രചിച്ച പുതിയ നിയമഭാഗത്തിന്റെ കയ്യെഴുത്തു പ്രതി തിരുവനന്തപുരം മറ്റീർ മെമ്മോറിയൽ സി.എസ്.ഐ. ചർച്ചിൽ നടന്ന ചടങ്ങിൽ പ്രകാശനം ചെയ്തു.

സി.എസ്.ഐ. സഭാംഗവും മുൻ ബി.എസ്.എൻ.എൽ. ഉദ്യോഗസ്ഥനുമായ ഇമ്മാനുവേൽ ഹെൻറിയാണ് ഒരു വർഷംകൊണ്ട് കയ്യെഴുത്തുപ്രതി തയ്യാറാക്കി അപൂർവ്വനേട്ടം കൈവരിച്ചത്. 266 പുറങ്ങളുള്ള പുതിയ നിയമത്തിലെ വരികളുടെയും വാക്കുകളുടെയും എണ്ണവും അക്ഷരവലിപ്പവും അച്ചടിച്ച പതിപ്പിനു സമാനമാണ്. മലയാള വേദപുസ്തകചരിത്രത്തിൽ ഇദംപ്രഥമമായാണ് ഇങ്ങനെ ഒരു ഉദ്യമം നിർവ്വഹിച്ചിരിക്കുന്നത്. തമിഴ് ബൈബിളിന്റെ കയ്യെഴുത്തുപ്രതി രചിച്ച് ലിംകാ ബുക്ക് ഓഫ് റെക്കോഡ്സിൽ നേരത്തെ ഇടം നേടിയ വ്യക്തിയാണ് ഇമ്മാനുവൽ ഹെൻറി.

ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യയുടെ കേരളാ ഓകിസിലിയറി സെക്രട്ടറി ഡോ. മാത്യു വർക്കി, സി.എസ്.ഐ. ദക്ഷിണകേരള മഹായിടവക ഡിസ്ട്രിക്റ്റ് ചെയർമാൻ റവ.സി.ആർ.വിൻസന്റ് എന്നിവർ കയ്യെഴുത്തുപ്രതിയുടെ പ്രകാശനകർമ്മം നിർവ്വഹിച്ചു. ബി.എസ്.ഐ. റീജിണൽ കോ-ഓർഡിനേറ്ററും ഐ.എസ്.ആർ.ഒ. ഡെപ്യൂട്ടി ഡയറക്ടറുമായ ഷെവലിയാർ കോശി എം.ജോർജ്, എം.എം.ചർച്ച് അസിസ്റ്റന്റ് വികാരി റവ.സുനിൽ സ്പെൻസർ, രചയിതാവ് ഇമ്മാനുവൽ ഹെൻറി എന്നിവർ പ്രസംഗിച്ചു.

# വി.മാർത്തോമ്മാശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ

ഗാസിയാബാദ് : സെന്റ് തോമസ് ഓർത്തഡോക്സ് ഇടവകയിൽ വി.മാർത്തോമ്മാശ്ലീഹായുടെ ഓർമ്മപ്പെരുന്നാളും ഇടവകപെരുന്നാളും ഡിസംബർ 16 മുതൽ 22 വരെ വിവിധ പരിപാടികളോടെ ആഘോഷിച്ചു. ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ ദിമെത്രയോസ് മെത്രാപ്പോലീത്താ , അഹമ്മദാബാദ് ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ യൂലിയോസ് മെത്രാപ്പോലീത്താ എന്നിവർ മുഖ്യ കാർമ്മികത്വം വഹിച്ചു. കാതോലിക്കേറ്റ് ശതാബ്ദി സ്മാരക പ്രോജക്റ്റായ നഴ്സിംഗ് ഹോമിന്റെ കൂദാശ നിർവ്വഹിച്ചു. ക്രമീകരണങ്ങൾക്ക് വികാരി ഫാ.സജി യോഹന്നാൻ നേതൃത്വം നൽകും.

# കൽകൊടിമരം കൂദാശ ചെയ്തു

കോട്ടയം : മലങ്കരസഭയുടെ 1960-ാം വാർഷികവും കാതോലിക്കേറ്റിന്റെ ശതാബ്ദിയും ആഘോഷങ്ങളുടെ സ്മാരകമായി ദേവലോകം അരമന ചാപ്പലിനു മുൻവശത്ത് സ്ഥാപിച്ച മുപ്പത്തിയെട്ട് അടി ഉയരത്തിലുള്ള കൽകൊടിമരത്തിന്റെ കൂദാശ പ.ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ നിർവ്വഹിച്ചു. കന്യാകുമാരി തക്കലയിലെ വിദഗ്ദ്ധർ നിർമ്മിച്ച ഈ കൽക്കൊടിമരം മദ്ധ്യതിരുവിതാംകൂർ പ്രദേശത്തെ ആദ്യത്തെ കൽക്കൊടിമരമാണ്. വിശ്വാസത്തിന്റെയും രക്ഷയുടെയും പ്രതീകവും ദേശീയതയുടെ പാരമ്പര്യം പേറുന്നതുമാണ് കൽക്കൊടിമരമെന്ന് പ.കാതോലിക്കാ ബാവാ പറഞ്ഞു. അരമന മാനേജർ ഫാ.എം.കെ.കുര്യൻ പ്രസംഗിച്ചു.

# പ്രൊഫസർ എം.വൈ.യോഹന്നാന്റെ സുവിശേഷ യോഗത്തിന് അൻപതിനായിരങ്ങൾ; റീത്തുകാരുടെ ഭദ്രാസനങ്ങളും അംഗസംഖ്യയും വർദ്ധിക്കുന്നു; ഓർത്തഡോക്സ് – യാക്കോബായ അംഗസംഖ്യ കുറയുന്നു

മൂവാറ്റുപുഴ : ഓർത്തഡോക്സ് സഭാംഗമായ പ്രൊഫസർ എം.വൈ.യോഹന്നാന്റെ കൺവൻഷൻ യോഗങ്ങൾക്ക് പതിനായിരക്കണക്കിന് ആളുകൾ സംബന്ധിക്കുന്നു എന്നാണ് അറിയുന്നത്. അതോടൊപ്പം മലങ്കരസഭയുടെ കണ്ടനാട്, അങ്കമാലി ഭദ്രാസന മേഖലകളിൽ റീത്തുകാരുടെ അംഗസംഖ്യയും വർദ്ധിക്കുന്നുണ്ട്. ഈ വിഭാഗങ്ങളിലേക്ക് പോകുന്ന വിശ്വാസികളിൽ തൊണ്ണൂറ് ശതമാനവും ഓർത്തഡോക്സ് - യാക്കോബായ സഭാംഗങ്ങളാണ്. മലങ്കരസഭയുടെ വിവിധ ദേവാലയങ്ങൾ പൂട്ടുവാൻ മുൻകൈ എടുക്കുന്ന ഇരുവിഭാഗത്തിലുംപെട്ട സഭാപിതാക്കന്മാർ ഇക്കാര്യത്തെക്കുറിച്ച് ഒന്നും ചിന്തിക്കാത്തത് സാധാരണ വിശ്വാസികളെ അത്ഭുതപ്പെടുത്തുന്നുണ്ട്. പള്ളികളുടെ സ്വത്തുക്കളും ഭരണവും കയ്യടക്കുക മാത്രമാണ് ഓർത്തഡോക്സ് യാക്കോബായ മെത്രാന്മാരുടെ പരമപ്രധാനമായ ലക്ഷ്യം എന്നു തോന്നിപ്പോകുന്നു. ഓർത്തഡോക്സ് - യാക്കോബായ സഭാംഗങ്ങളായ പതിനായിരക്കണക്കിന് ആളുകൾ എന്തുകൊണ്ട് യോഹന്നാൻ സാറിന്റെ യോഗങ്ങളിൽ സംബന്ധിക്കുന്നു എന്ന് സഭാപിതാക്കന്മാർ ശാന്തമായി ചിന്തിക്കണം. കണ്ടനാട് ഭദ്രാസനങ്ങളിലെ വിവിധ പള്ളികൾ പൂട്ടുവാനല്ലാതെ പൂട്ടിക്കിടക്കുന്ന ഒരു പള്ളിയും തുറക്കുവാൻ ഇരുവിഭാഗത്തിനും സാധിച്ചിട്ടില്ല. പള്ളികൾ പൂട്ടുമ്പോൾ സർക്കാരിനെയും പോലീസ് അധികാരികളെയും വെല്ലുവിളിച്ചുകൊണ്ട് മെത്രാച്ചന്മാർ വഴിയിൽ ചൊല്ലുന്ന കുർബ്ബാനകളിലും പ്രാർത്ഥനായജ്ഞങ്ങളിലും വിശ്വാസികൾ സംബന്ധിക്കണമെന്ന് പറയുന്നവർ അവർ റീത്തുപള്ളിയിലേക്കും വിവിധ കൂട്ടായ്മകളിലേക്കും പോകുമ്പോൾ ഒന്നും പറയാൻ നിവർത്തിയില്ലാതെ പകച്ചു നിൽക്കുന്നു. മറ്റ് സഭാവിഭാഗങ്ങൾ വളരുമ്പോൾ അവരെ കൊഞ്ഞനംകുത്തി കാണിച്ചതുകൊണ്ടും പരിഹസിച്ചതുകൊണ്ടും മലങ്കരസഭ വളരുകയില്ല എന്ന തിരിച്ചറിവ് ഇനിയെങ്കിലും സഭാനേതൃത്വത്തിനുണ്ടാകണം. മലങ്കരസഭയുടെ മക്കൾ എം.വൈ.യോഹന്നാന്റെ യോഗത്തിന് പോകരുതെന്ന് കല്പനകൾ പുറപ്പെടുവിക്കുന്ന പിതാക്കന്മാർ പള്ളികളിൽ പ്രസംഗിക്കുമ്പോൾ ഇരുവിഭാഗവും തമ്മിലുള്ള മത്സരത്തിന്റെ ആഴംകൂട്ടാനാണ് ശ്രമിക്കുന്നത്. വിശ്വാസികൾ ആഗ്രഹിക്കുന്ന ആശ്വസിപ്പിക്കുന്ന ഒരു വാക്കും അവരുടെ വായിൽനിന്ന് പുറപ്പെടുന്നില്ല. അവർ ആശ്വാസം തേടി യോഹന്നാൻ സാറിന്റെ യോഗത്തിനും, തങ്കു ബ്രദറിന്റെ ആരാധനയ്ക്കും പോകുന്നു. ബ്ലേഡ് ബാങ്കുകളുടെ ബോർഡുകൾ ഉയരുന്നതിനേക്കാൾ വേഗത്തിൽ റിവൈവൽ ഫെലോഷിപ്പിന്റെയും, സ്വർഗ്ഗീയവിരുന്നിന്റെയും, റീത്തുപള്ളികളുടെയും ബോർഡുകൾ വിവിധ സ്ഥലങ്ങളിൽ ഉയരുന്നത് കറുത്ത ഫിലിം ഒട്ടിച്ച് എയർകണ്ടീഷൻ കാറുകളിൽ കൊടിയും പാറിച്ച് മന്ത്രിമാരേക്കാൾ സ്പീഡിൽ പായുന്ന മെത്രാന്മാരുടെ കണ്ണിൽപെടാത്തതിൽ അതിശയം ഒന്നും തോന്നുന്നില്ല.

Printed, Published and owned by Fr. Dr. M.O. John . Printed at Udaya Offset Printers, Chungam, Kottayam - 686 001 and Published at Kottayam. Editor: Kunjumon T. Omallor